# THE CHURCH WEEKLY

ചർച്ചുവീക്കിലി — ഒററപ്രതി 2 ണ

വാല്യം X … 1956 സെപ്റ്റംബർ 30 ഞായർ … ലക്കം 38


**Editorial**

## അപ്രമാദിത്വമുള്ള പ്രമാദങ്ങൾ

വിശ്വാസപ്രമാണത്തിൽ നാം ഏററു പറയുന്ന ഏകസഭ ലോകത്തിൽ ഇന്നു യാഥാൎത്ഥ്യമായി തീരുന്നതിനു് റോമൻ കത്തോലിക്കാസഭ ഒരു വലിയ വിലങ്ങുതടി തന്നെയാണ്. ആ സഭയുടെ നേട്ടങ്ങളെയൊ ക്രിസ്തീയ സാക്ഷിയെയൊ ലോകവ്യാപ്തിയെയൊ വിഗണിച്ചുകൊണ്ടല്ല ഞങ്ങൾ ഇതു പറയുന്നതു്. കിഴക്കൻ സഭകളുടെ വീക്ഷണകോണത്തിൽ സഭകളുടെ ഐക്യത്തിനു റോമാസഭ വരുത്തിയിരിക്കുന്ന ചില പ്രതിബന്ധങ്ങളെ പരാമർശിക്കുന്നതു് ആവശ്യമായിരിക്കുന്നതുകൊണ്ടു് ആ വശത്തെപ്പററി മാത്രം ഇവിടെ പ്രതിപാദിക്കുകയാണ്.

കിഴക്കൻ സഭകളുടെ കൂട്ടായ്മയിൽ നിന്നു റോമാസഭ വേർപെട്ട ശേഷം ആ സഭ കൂട്ടിച്ചേർത്തിട്ടുള്ള പുതിയ വിശ്വാസ പ്രഖ്യാപനങ്ങളാണ് സഭാ ഐക്യത്തിനു പ്രധാനമായ പ്രതിബന്ധമായി നിലകൊള്ളുന്നതു്. 1870—ൽ പ്രഖ്യാപിക്കപ്പെട്ട "മാർ പാപ്പായുടെ അപ്രമാദിത്വ" മാണ് ഇവയിൽ പ്രധാനപ്പെട്ട ഒന്നു്. സഭയെ പഠിപ്പിക്കുന്നതിനു്, ഔദ്യോഗികമായി, വിശ്വാസം സന്മാർഗ്ഗം ഇവ സംബന്ധിച്ചു് മാർപാപ്പാ പ്രഖ്യാപനങ്ങൾ ചെയ്യുമ്പോൾ തെററു പഠിപ്പിക്കുന്നതിനു് ദൈവം അദ്ദേഹത്തെ അനുവദിക്കുകയില്ല എന്നുള്ളതാണ് അപ്രമാദിത്വവരത്തിന്റെ അൎത്ഥം. ഈ പ്രഖ്യാപനം ഉണ്ടായകാലത്തു് അനേകം റോമൻ കത്തോലിക്കാ പണ്ഡിതന്മാർ അതിനെ എതിർത്തിരുന്നു എന്നുള്ളതു ചരിത്ര സത്യമാണ്. ആ സഭയുടെ ഒരു വിഭാഗം പാപ്പായുടെ ആധിപത്യത്തിൽ നിന്നു വേർപെടുന്നതിനും ഇതിടയാക്കി. അപ്രമാദിത്വം അവകാശപ്പെടാവുന്ന എത്ര പ്രഖ്യാപനങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ടു് എന്നുള്ളതിനെപ്പററി റോമാ പണ്ഡിതന്മാർ തമ്മിൽ ഇന്നും അഭിപ്രായവ്യത്യാസമുണ്ടു്. മൂന്നു മുതൽ ഒൻപതുവരെ പ്രഖ്യാപനങ്ങൾ ഉണ്ടായിക്കഴിഞ്ഞു എന്നു പറയുന്നവരുണ്ടു്. കർത്താവിന്റെ എല്ലാ ശിഷ്യന്മാൎക്കും അപ്രമാദിത്വവരം ഉണ്ടായിരുന്നതായി റോമാസഭ പറയുന്നു. അങ്ങനെയെങ്കിൽ റോമാസഭയുടെ തലവനു മാത്രമല്ല അപ്രമാദിത്വമുള്ളതു് എന്നു് അവർ സമ്മതിക്കേണ്ടിവരും. അപ്രമാദിത്വമുള്ള സഭാതലവന്മാരുടെ അവകാശവാദങ്ങളും പഠിപ്പിക്കലുകളും പരസ്പര വിരുദ്ധമായി വരുന്നതു് എങ്ങനെ പൊരുത്തപ്പെടുത്തും? റോമാ ബിഷപ്പിനുള്ള അപ്രമാദിത്വത്തിനു മാററുകൂട്ടമെന്നു പറയുമൊ എന്തൊ! മുകളിൽ സൂചിപ്പിച്ച പ്രകാരം മാർപ്പാപ്പായെ, തെററു പ്രഖ്യാപിക്കുന്നതിനു ദൈവം അനുവദിക്കുകയില്ലെന്നു പറയുന്നതിന്റെ അൎത്ഥം സകല മനുഷ്യൎക്കും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം (Free will) സഭാതലവനിൽ നിന്നു് എടുത്തുകളയുന്നു എന്നാണ്. യേശുക്രിസ്തു വെളിപ്പെടുത്തിയ വൈദസ്വഭാവത്തിനു് ഇതു വിരുദ്ധമാണ് എന്നു പറയേണ്ടിയിരിക്കുന്നു.

ദണ്ഡവിമോചനം നൽകുന്നതിനടിസ്ഥാനമായ ഉപദേശമാണ് റോമാസഭ സ്വയമായി കൂട്ടിച്ചേർത്തിരിക്കുന്ന മറെറാരു കാര്യം. കൃപ പ്രാപിക്കുന്നതിനുതകുന്ന സ്ഥിതിയിൽ കഴിയുന്നവൎക്കു്—സത്യകുമ്പസാരം നടത്തി പാപമോചനം പ്രാപിച്ചവർക്കു്—ചില പ്രാൎത്ഥനകൾ ചൊല്ലുക, പുണ്യസ്ഥലങ്ങൾ സന്ദർശിക്കുക മുതലായ സുകൃതങ്ങൾക്കു പ്രതിഫലമായി ഏതാനും നാളത്തെ ദണ്ഡവിമോചനം ബസ്പുർക്കാനായിൽ നൽകുന്നതിനു സഭയ്ക്കവകാശമുണ്ടു് എന്നാണ് ഈ ഉപദേശം. മരിച്ചുപോയവൎക്കുവേണ്ടിയും ഇതുപയോഗപ്പെടുത്താം. 100 ദിവസത്തെ ദണ്ഡവിമോചനം നൽകുന്നതിനു ബിഷപ്പിനും, 200 ദിവസത്തേയ്ക്കു് ആർച്ചുബിഷപ്പിനും, 300 ദിവസത്തേയ്ക്കു് കർദിനാളിനും അതിൽകൂടുതൽ കാലത്തേയ്ക്കു് പാപ്പായ്ക്കുമാത്രവും അധികാരമുണ്ടെന്നാണ റോമാസഭയുടെ ക്രമീകരണം. റോമാസഭയ്ക്കു് ഈ ഉപദേശം ഒരു വലിയ ആദായമാർഗ്ഗമായി ഇന്നും നിലകൊള്ളുന്നുണ്ടു്. മരണാനന്തരമുള്ള അവസ്ഥയിൽ ലോകത്തിലേതുപോലെ ദിവസങ്ങളും മാസങ്ങളും ഉള്ളതായി കണക്കാക്കുന്നതു് പ്രത്യക്ഷത്തിൽ തന്നെ അൎത്ഥശൂന്യമാണ്. സമയക്ലിപ്തങ്ങൾ ഈ ലോകത്തിനു മാത്രമുള്ളതാണ്. മനുഷ്യമനസ്സിനു പൂൎണ്ണമായി ഗ്രഹിക്കാൻ സാധിക്കാത്തതായ ദൈവികരഹസ്യങ്ങളുണ്ടു്. അവയെ കണക്കും തൎക്കശാസ്ത്രവും പോലെ കൈകാര്യം ചെയ്തു് പട്ടികകളും വിലകളും നിർമ്മിക്കുന്നതു് റോമാസഭയുടെ പതിവാണ്. അതൊരു ലത്തീൻ മനോഭാവമാണെന്നുപോലും പറയാം. പക്ഷെ അതു ക്രിസ്തുസഭയുടെ പ്രത്യേക ലക്ഷ

ണമായികരുതാൻ പ്രയാസമാണ്. പരിശുദ്ധന്മാരുടെ സംസർഗ്ഗത്തെപ്പററിയുള്ള റോമാസഭയുടെ മനോഭാവം കിഴക്കൻ സഭകൾക്ക് ആശങ്ക നൽകുന്നതാണ്. വി. കന്യകമറിയാമിനെക്കുറിച്ച് 1854—ലും അതിനു ശേഷവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മരക്ഷയ്ക്കാവശ്യമായ വിശ്വാസപ്രഖ്യാപനങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു. പരിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും പ്രാർത്ഥനയിലും—ക്രിസ്തീയ സംസർഗ്ഗത്തിന്റെ പ്രകടനം പ്രാർത്ഥനയാണ്—വിശ്വസിക്കുന്നതും, ഫാത്തിമായിലെ പ്രതിമ വിമാനമാർഗ്ഗം പ്രദർശനത്തിനുകൊണ്ടു നടക്കുന്നതും തമ്മിൽ വളരെ ദൂരമുണ്ട്. പ്രായോഗികമായി, സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും റോമാസഭയുടെ ഈ ഉപദേശങ്ങൾ വഴിതെളിച്ചിട്ടുണ്ട്. താത്വികമായ അവരുടെ സാധൂകരണങ്ങൾ അന്ധവിശ്വാസങ്ങളെ ഉൾക്കൊള്ളുന്നില്ലെന്നു പറഞ്ഞേക്കാം. ഹിന്ദുക്കളുടെ വിഗ്രഹാരാധനയെക്കുറിച്ചും ഇതു പറയാവുന്നതായിരിക്കും.

റോമാസഭ കിഴക്കൻ സഭകളെക്കാൾ ലോകവ്യാപകമാണെന്നും, കൂടുതൽ സ്വാധീനശക്തി ചെലുത്തുന്നതിനു കഴിവുള്ളതാണെന്നും അവകാശപ്പെടുന്നുണ്ട്. ആ വ്യാപ്തിക്കനുസരണമായ ദോഷങ്ങളും കാണുന്നുണ്ട് എന്നുള്ളതും ഓർക്കേണ്ടതാണ്. മാൾട്ടാ, സ്പെയിൻ എന്നീ രാജ്യങ്ങളിൽ അകത്തോലിക്കരോടുള്ള കത്തോലിക്കാ മനോഭാവം അക്രൈസ്തവമാണെന്നു ഞങ്ങൾ കരുതുന്നു. കത്തോലിക്കർ കുറവായിട്ടുള്ള രാജ്യങ്ങളിൽ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള അവരുടെ ധാർമ്മിക വാദം എത്ര ശക്തിയുള്ളതു്! പക്ഷെ, കത്തോലിക്കർ ന്യൂനപക്ഷമാണെങ്കിൽ മാത്രമെ ഈ പ്രമാണം അവർ ഓർക്കാറൊള്ളു എന്നതാണു സത്യം. കൊളംബിയ, തെക്കെ അമേരിക്കാ എന്നീ പ്രദേശങ്ങളിൽ കത്തോലിക്കാസഭയുടെ തുടർച്ചയായ വാഴ്ചയുടെ ഫലം ഭയാനകമാണെന്നു പറയേണ്ടിയിരിക്കുന്നു. മനുഷ്യമനസ്സുകളെ കത്തോലിക്കാസഭ പൂർണ്ണമായി നിയന്ത്രിക്കുന്നതിന്റെ ഫലം ഈ രാജ്യങ്ങളിൽ കാണുന്നതുപോലെയുള്ള സാമ്പത്തികവും ധാർമ്മികവുമായ അധഃപതനമാണെങ്കിൽ എവിടെയൊ സാരമായ തകരാറുണ്ടെന്നു സ്പഷ്ടമാണ്. അന്തർദേശീയ ബന്ധങ്ങളിൽ ക്രിസ്തീയമായ മൂല്യങ്ങളെ റോമാസഭ പ്രത്യേകമായി മുറുകെ പിടിക്കുന്നു എന്നു പറയുന്നതിനും സാധിക്കുകയില്ല. ഒരുദാഹരണം മാത്രം പറയാം. അബിസീനിയാ ആക്രമിക്കുന്നതിനു് മുസ്സോളിനി അയച്ച പട്ടാളത്തെ മാർപാപ്പാ തിരുമേനി പ്രത്യേകം അനുഗ്രഹിക്കുകയുണ്ടായി. അബിസീനിയൻ ചക്രവർത്തി കത്തോലിക്കനല്ലായിരുന്നു എന്നുള്ളതു് ഈ ഹീനകൃത്യത്തിനു് ഒരു കാരണമായിരുന്നൊ എന്തോ!

ദൈവത്തിൻെറ സഭ ദൃശ്യമായി ഏക കൂട്ടായ്മയിൽ വരുന്നതിനു് ഇതര സഭകൾ റോമാസഭയിൽ ലയിക്കുകയല്ല റോമാസഭയുടെ വേർപാടിനുശേഷം അവർ സ്വയമായി വരുത്തിവച്ച പ്രതിബന്ധങ്ങൾ നീക്കുകയാണ് ആദ്യത്തെപടി. സഭകളുടെ അനൈക്യത്തിനു സഭാമാററം എളുപ്പമാർഗ്ഗമായി കരുതുന്നവർ ഇതിനെപ്പററി പ്രാർത്ഥനാപൂർവ്വം ചിന്തിക്കയും ബുദ്ധിപൂർവ്വം പഠിക്കയും ചെയ്യേണ്ടതാണ്.

---

ഔഷധങ്ങളും അവയുടെ ഉചിതമായ ഉപയോഗവും നമ്പർ 4.

# ആൻറിസെപ്ററിക്സ്

(ഡോ. ക്ലെയർ തോംസൺ)

ഇൻഡ്യൻ ക്രിസ്ത്യൻ മെഡിക്കൽ അസോസ്സിയേഷൻ പ്രിവൻറീവ് മെഡിസിൻ കമ്മിററി പ്രസിദ്ധപ്പെടുത്തുന്നതു്:—

കഴിഞ്ഞ മൂന്നു ലേഖനങ്ങളിലും വിചിന്തനം ചെയ്തതു് രോഗാണുക്കൾ മൂലമുണ്ടാകുന്ന ചില രോഗങ്ങളെപ്പററിയാണ്. ഇപ്പോൾ ചിന്തിക്കുന്നതു് അണുക്കൾ മുറിവിൽ പ്രവേശിക്കുന്നതു മൂലമുണ്ടാകുന്ന നാശത്തെ പ്പററിയുംരോഗാണുക്കൾമുറിവിൽ കയറാതെ തടയുന്നതിനെപ്പററിയുമാണ്.

ഒരു ശതാബ്ദത്തിനു മുമ്പ് ആശുപത്രികൾ സുഖപ്രദമായ സ്ഥലങ്ങളല്ലായിരുന്നു. ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കു പോകുന്നവരിൽ പകുതിയും മരിക്കുമായിരുന്നു. ഒരു ചതവോ ശസ്ത്രക്രിയയോ ആണെങ്കിൽ മുറിവ് ആദ്യം നോക്കുമ്പോൾ കുഴപ്പമുള്ളതല്ലായിരിക്കും. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ പഴുപ്പ് ഉണ്ടാകുന്നു. അങ്ങനെ സംഭവിക്കുമ്പോൾ ആ മുറിവുള്ള ഭാഗം സെപ്ററിക്കാണെന്നു പറയും. സെപ്ററിക്കായ മുറിവുകൾ സുഖപ്പെടുന്നതിനു ദീർഘകാലം വേണ്ടി വരും. മുറിവ് കാലിലോ കൈയിലോ ആണെങ്കിൽ മുറിവിൻെറ താഴെയുള്ള ഭാഗം നിർജ്ജീവമാകാൻ തുടങ്ങിയെന്നുവന്നേക്കാം. അപ്പോൾ ദേഹത്തിൻെറ ബാക്കി ഭാഗത്തേയ്ക്കു പഴുപ്പ് കടന്ന് ആ വ്യക്തിയുടെ ജീവൻ അപകടത്തിൽ ആകാതിരിപ്പാൻ ആ അവയവം മുറിക്കേണ്ടി വരും. എല്ലാ സെപ്ററിക്ക മുറിവുകളിലെയും രോഗാണുക്കൾ രക്ത പ്രവാഹത്തിൽ പ്രവേശിച്ച് ശരീരത്തിൻെറ ഇതരഭാഗങ്ങളിലും വ്യാപിക്കാൻ സാധ്യതയുണ്ട്. (രക്തത്തിൽ വിഷം കലരുക) ഇങ്ങനെ സംഭവിക്കുന്ന പക്ഷം രോഗി മിക്കവാറും മൃതിയടയാനാണ് എളുപ്പം.

മുറിവുകൾപഴക്കാതെഏതെങ്കിലും വിധത്തിൽ സുഖപ്പെടുത്തുക എന്നതായിരുന്നു അടിയന്തര പ്രശ്നം. ഇതു മൂന്നു പേരുടെ പരിശ്രമഫലമായി പരിഹരിക്കപ്പെട്ടു. മുന്തിരിച്ചാറു വായുവിൽ തുറന്നുവച്ചിരുന്നാൽ പതഞ്ഞു ചീത്തയാകുമെന്നു ഫ്റഞ്ച് രസതന്ത്ര ശാസ്ത്രജ്ഞനായ പാസ്ചർ കണ്ടു പിടിച്ചു. വായു വഴി അണുക്കൾ മുന്തിരിച്ചാറിൽ കടക്കുന്നുവെന്നുള്ളതാണിതിൻെറ കാരണം. പഴുപ്പുണ്ടാക്കുന്ന രോഗാണുക്കൾ, ഡോക്ടറന്മാർ, വിദ്യാർത്ഥികൾ എന്നിവർ മുഖേന ഒരു രോഗിയിൽ നിന്നും മറെറാരു ആളിലേക്ക് പകരുമെന്ന് ഓസ്ത്രിയക്കാരനായ ഡോ. സെമ്മൻ വീയിസ് കണ്ടുപിടിച്ചു. ആശുപത്രിജോലിക്കാർ അവരുടെ കൈകൾ അതിസൂക്ഷ്മം വൃത്തിയാക്കുകയും ശുചിത്വമുള്ള വ

വനായ ഒരു മൃഗരാജൻ. രാജസപ്രൗഢിമൂർത്തീഭവിച്ച ആ രാജോത്തമൻെറ പുറകിലായി ഒരു പെൺസിംഹവും മററൊരു ആൺസിംഹവും സാവധാനം നടന്നുനീങ്ങി.

അങ്ങകലെ അഞ്ചാറു മനുഷ്യജീവികളെ കണ്ടതോടെ മൃഗരാജൻ ഭീഷണിസ്വരത്തിലൊന്നു ഗജ്ജിച്ചു. ഇനിയും അധികം നേരമില്ലെന്നൊരു മുന്നറിയിപ്പുപോലെ. നേതാവു് മുമ്പിൽ നീങ്ങി. മററിരുവരും ചുററിപ്പററി നിന്നതേയുള്ളു.

"ഇവരെന്തു കുററമാണു് ചെയ്തതു്?" ലൂക്കോസ് തെരക്കി.

യവനൻ മറുപടി പറഞ്ഞു. "ഹു" രാജ്യദ്രോഹം. ചക്രവർത്തിയുടെ ദൈവത്വത്തെ അവർ നിഷേധിച്ചു. പട്ടാളത്തിൽ സേവനമനുഷ്ഠിക്കാൻ അവർ വിസമ്മതിച്ചു.

"കാരണം?"

യവനൻ തോൾ ചലിപ്പിച്ചു: "അവരൊരുപ്രത്യേക മതാരാധകരാണുപോലും. ക്രിസ്തുവെന്നോ മറേറാ അവർ വിളിക്കുന്ന ഒരു വിചിത്രദൈവത്തെയാണവർ ആരാധിക്കുക."

"എന്തു്? ക്രിസ്തു ഒരു യഹൂദനായിരുന്നുവല്ലോ. ഈ മനുഷ്യർ യഹൂദരല്ലല്ലോ."

"നിങ്ങൾ ക്രിസ്തുവിനെപ്പററി ഇത്രയധികം കാര്യങ്ങൾ മനസ്സിലാക്കിയതെങ്ങനെ?"

പെട്ടെന്നുണ്ടായ ഒരുഗ്ര ഗർജ്ജനം സംഭാഷണത്തിനുവിരാമമിട്ടു. അവർ രംഗത്തേയ്ക്കു് ദൃഷ്ടിപായിച്ചു.

ദീർഘകായനായ യുവാവു മാത്രമേ സമരം ചെയ്യുന്നതിനുള്ള എന്തെങ്കിലും ശ്രമത്തിനു ഉദ്യമിച്ചുകണ്ടുള്ളു. ആ യുവാവിൻെറ ഹൃദയവേദന ലൂക്കോസിനു മനസ്സിലാകുന്നതുപോലെ തോന്നി. ക്രൂരമൃഗങ്ങളുടെ നഖങ്ങൾ തൻെറ പ്രിയതമയുടെ പേലവഗാത്രത്തിൽ കുത്തിയിറക്കുന്ന ചിന്ത ആ പ്രേമഗൗതമനു് എത്ര ഹൃദയാരുന്തുദമായിരിക്കും! യുവാവിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഹൃദയവേദന നിറഞ്ഞ വിലാപ ശബ്ദം സ്റ്റേഡിയത്തിൽ തിങ്ങിക്കൂടിയ ആ മനുഷ്യമഹാസമുദ്രത്തെ ഒരു നിമിഷനേരത്തേയ്ക്കു ഞെട്ടിച്ചു. യുവാവു പെട്ടെന്നു് കുനിഞ്ഞു, തൻെറ പ്രിയതമയെ ചുംബിച്ചു. അന്തിമമായ യാത്രപറച്ചിൽ. അനന്തരം ഝടിതിയിൽ ഒരു കുന്തം വലിച്ചൂരി, യുവാവു് മുമ്പോട്ടു നീങ്ങി, ഏകനായി ശത്രുപക്ഷത്തെ എതിരിടുന്നതിനു വേണ്ടി.

മൃഗരാജൻ മുരണ്ടുകൊണ്ടു് മുമ്പോട്ടു നീങ്ങി, എടുത്തുചാടുന്നതിനു് ആയുന്ന തക്കംനോക്കി, യുവാവു് മൃദുലമായ അടിവയറുനോക്കി കുന്തംചാണ്ടി. കുന്തം പള്ള തുളച്ചു് കടന്നു. ഒരു അലർച്ചയോടെ മൃഗരാജൻ ഒന്നു കുതിച്ചു, താഴെവീണു. ഇതു കണ്ടു കാതരിയായ പെൺസിംഹം തിരിഞ്ഞു നടന്നു; മൂന്നാമൻ, എന്താണു വേണ്ടതു് എന്നു തിട്ടമില്ലാതെ പകച്ചു നിന്നുപോയി.

ജനക്കൂട്ടം യുവാവിൻെറ ധീരകൃത്യത്തിൽ അഭിനന്ദനം പ്രകടിപ്പിച്ചുകൊണ്ടു് ആവേശഭരിതരായി അട്ടഹസിക്കാനും ഹർഷാരവം മുഴക്കാനും തുടങ്ങി. യുവാവു ഏതെങ്കിലും വിധത്തിൽ ജയാളിയായി വരുമെന്നും, അവരുടെ കുററം ക്ഷമിക്കപ്പെട്ടുമെന്നും ലൂക്കോസു പ്രത്യാശിച്ചു. പെട്ടെന്നു് ഗവർണർ കാഹളമൂതുന്നവർക്കു് എന്തോ ആംഗ്യനിർദ്ദേശം നൽകുന്നതു കാണാറായി. ആശങ്കു വകയുണ്ടെന്നും തന്നെ ലൂക്കോസിനു തോന്നി. പക്ഷേ, കാഹളം ധ്വനിച്ചതോടെ മൃഗങ്ങളെ സൂക്ഷിച്ചിരുന്ന മുറിയുടെ വാതിൽ വീണ്ടും തുറക്കപ്പെടുകയും ഒരു പററം ക്ഷുദാത്തരായ സിംഹങ്ങൾ ഗർജ്ജിച്ചുകൊണ്ടു് രംഗസ്ഥലത്തേയ്ക്കു് ചാടിയിറങ്ങുകയുമാണുണ്ടായതു്.

നിസ്സഹായരായ ആ ആറുപേർ എന്തെടുക്കാനാണു്? സിംഹങ്ങൾ നിഷ്ക്കരുണം അവരുടെ മേൽ ചാടിവീണു, നിമിഷങ്ങൾക്കകം അവരുടെ കഥ കഴിച്ചു.

ലൂക്കോസിനു തല കറങ്ങുന്നതുപോലെ തോന്നി. തികച്ചും പൈശാചികമെന്നു തോന്നിക്കുന്ന ആ രംഗം മനസ്സാക്ഷിയുള്ള യുവാവിനെ നിർവീര്യനാക്കി. ഏതെങ്കിലും വിധത്തിൽ അവിടെനിന്നു പുറത്തുകടന്നുപോയാൽ മതിയെന്നായി. ഏററവും അടുത്തുള്ള നിർഗ്ഗമനകവാടം കണ്ടുപിടിക്കണം. തെരുവിലേയ്ക്കിറങ്ങുന്നതിനുള്ള വഴിയിലെത്തണമെന്നു വരുകിൽ, ഗ്യാലറിയുടെ അടിവശത്തേയ്ക്കു നടക്കണം. വഴിയെപ്പററി ഖലിയ തിട്ടമൊന്നും കൂടാതെ, ലൂക്കോസ് വിജനമായ ഇടനാഴിവഴിതപ്പിത്തപ്പി നടന്നു; അനന്തരം ഗോവണിപ്പടികൾ വഴി താഴോട്ടിറങ്ങി. അവസാനം പടവുകൾ അവസാനിച്ചു. എവിടെയാണെത്തിയതെന്നൊരു രൂപമൊട്ടില്ലതാനും. മൃഗങ്ങളെ സൂക്ഷിക്കുന്ന അറകളും വിനോദപരിപാടികളിൽ പങ്കെടുക്കുന്നവർ വിശ്രമിക്കുന്ന മുറികളും, ഏററവും അടിവാരത്തുള്ള ആ ഭാഗത്തു കാണുന്നതായിരിക്കണം. കല്ലുപാകിയ ആ മാർഗ്ഗത്തിലെ ശീതളമായ അന്തരീക്ഷം ലൂക്കോസിൻെറ മനം പിരിട്ടലിനു സ്വൽപം ശമനം നൽകി. അവിടെ ഒരു അറയുടെ വാതിൽ തുറന്നു കിടപ്പുണ്ടു്. പുറത്തേയ്ക്കുള്ള വഴി പറഞ്ഞുതരാൻ അകത്താരെങ്കിലും കണ്ടേക്കുമോ? ആ യുവാവിനു് സ്വൽപമൊരാശ തോന്നി.

വാതിൽക്കലേയ്ക്കു് എത്തിനോക്കിയ യുവാവു് പെട്ടെന്നു് ഞെട്ടിത്തരിച്ചു നിന്നുപോയി. ഭിത്തികൾക്കു താഴ്ഭാഗത്തായിട്ടാണു് ആ മുറി. സ്റ്റേഡിയത്തിലെ പരിപാടികളിൽ കൊല്ലപ്പെടുന്നവരുടെ മൃതദേഹങ്ങൾ അവിടേയ്ക്കു് എറിഞ്ഞിടുകയാണുപതിവു്. അനന്തരം ശവവണ്ടികൾ വന്നു് അവയെഎടുത്തു പുറത്തുകൊണ്ടുപൊയ്ക്കൊള്ളും. കപ്രിയാനോസു കാരൻെറ ശിരസ്സററ ഉടലും അന്നത്തെ പരിപാടികളിൽ കൊല്ലപ്പെട്ട പടയാളികളുടെ മൃതദേഹങ്ങളും അവിടെ കിടപ്പുണ്ടു്. സിംഹങ്ങൾ കടിച്ചുചീന്തിയ ക്രിസ്തു ശിഷ്യരുടെ ശരീരശിഷ്ടങ്ങൾ ഒരു ഭാഗത്തു് കൂട്ടിയിട്ടിട്ടുണ്ടു്. ലൂക്കോസിനെ അടിമുടിവിറച്ചു. അവയിൽ പലതും ആരുടേതാണെന്നു തിരിച്ചറിയാൻപോലും നിർവാഹമില്ല. യുവാവു് തിരിച്ചുമടങ്ങാൻ ഭാവിക്കവേ, "ക്രിസ്തു" എന്നൊരുപദം വളരെ അവ്യക്തമായി ആരുടെയോ നാവിൽനിന്നു പുറപ്പെട്ടതുപോലെ തോന്നി. ഡോക്ടർ നിന്നു, ഒരു നിമിഷം സംശയിച്ചശേഷം മുറിക്കുള്ളിലേയ്ക്കു കടന്നുചെന്നു. ജീവനുണ്ടെന്നു കാണുന്നേടത്തു്, ജീവൻ രക്ഷിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ, അതിലേയ്ക്കു് പരമാവധി ശ്രമിക്കുകയാണു് ഒരു ഡോക്ടരുടെ കത്തവ്യം. ലൂക്കോസ് കുനിഞ്ഞു്, മൃതശരീരങ്ങൾ പരിശോധിച്ചു. ദീർഘകായനായ യുവാവിൻെറ ചുണ്ടുകൾ അൽപമായി അനങ്ങുന്നുണ്ടു്. ഡോക്ടർ മുട്ടുകുത്തിനിന്നു് നാഡി പരിശോധിച്ചു. വളരെ മന്ദമായി മാത്രം നാഡി മിടിപ്പുകേൾക്കാം. അതോടെ അസ്പഷ്ടമായി ചില പദങ്ങളും ആ അധരങ്ങൾ പുറത്തു വിട്ടതായി കേട്ടു. "കത്താവേ... ഈ പാപം......ഇവരുടെ......പേരിൽ......" നാഡിമിടിപ്പു് അവ

സാനിച്ചു. അധരങ്ങളും ചലിക്കാതായി.

ചിന്താലീനനായി, ലൂക്കോസ് എഴുന്നേററു. എന്തൊരുവിധി വൈപര്യ്യമാണിതു്! ഇതേ പദങ്ങൾ വർഷങ്ങൾ മുമ്പ് ഒരിക്കൽ കേൾക്കുകയുണ്ടായല്ലോ. അതെ, യരുശലേമിനു പുറത്തുവച്ചു് സ്റ്റേഫാനോസിന്റെ നാവിൽ നിന്നായിരുന്നു അതു പുറപ്പെട്ടതു്. ഇപ്പോഴും അതേപദങ്ങൾ കേൾക്കാനിടയായതു് കേവലം യാദൃശ്ചികമാണോ? എന്തൊരു യാദൃശ്ചികതയാണിതു്"

"മകനേ! നീ ഇവിടെ എന്തെടുക്കുന്നു?" പുറകിലൊരു ഘന ശബ്ദം കേട്ടു, ലൂക്കോസു തിരിഞ്ഞുനോക്കി. അല്പമൊന്നു പരിഭ്രമിക്കുകയും ചെയ്തു. ഒരു ദീർഘകായൻ വാതിൽക്കൽ നിൽക്കുന്നു. വില കുറഞ്ഞ പരുക്കൻ വസ്ത്രങ്ങളാണു ധരിച്ചിരിക്കുന്നതു്. ചെമന്ന മുടി, ചെമന്ന താടി. ശാന്തഗംഭീരമായ നയനങ്ങൾ.

"പുറത്തേക്കു പോകാനുള്ള വഴി തെരക്കുന്നതിനിടയിൽ തപ്പിത്തടഞ്ഞു് ഞാൻ ഇവിടെയെത്തിയതാണു്. ഒരു ഡോക്ടരാണു് ഞാൻ. വല്ലതും സഹായം ചെയ്യാൻ സാധ്യതയുണ്ടോ എന്നു നോക്കുകയായിരുന്നു." ലൂക്കോസു മറുപടി പറഞ്ഞു.

"മരിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനാണു ഞാൻ വന്നതു്. പക്ഷെ, ഞാൻ വരാൻ വൈകിപ്പോയെന്നു തോന്നുന്നു.കഷ്ടമായി എന്റെ പേരു ബർണബാസ് എന്നാണു്."

പേരുമനസ്സിലാകാഞ്ഞതുകൊണ്ടു ലൂക്കോസിനു പുതുതായൊരറിവും ലഭിച്ചില്ല. പക്ഷേ, ആ മനുഷ്യനിൽ തനിക്കു പരിചിതമായി എന്തോ കാണുന്നതുപോലെ യുവാവിനു തോന്നി. എന്താണതു്? എവിടെയോ ഇതേ ഭാവം കണ്ടിട്ടുള്ളതുപോലെ ഒരു തോന്നൽ. രണ്ടുനിമിഷം ആലോചിച്ചുനിന്നു. അതേ, അതുതന്നെ. ശിമോൻപത്രോസിനെ അനുസ്മരിപ്പിക്കുന്ന ഒരു മനുഷ്യനാണു മുമ്പിൽ നിൽക്കുന്നതു്. അതേ നോട്ടം, അതേ ശാന്തഗാംഭീര്യം.

ആഗതൻ മുട്ടുകുത്തി, മരിച്ചുകിടക്കുന്ന യുവാവിന്റെ കൺപോളകൾ അടച്ചു. "ക്ലീററസ് എന്റെ ഒരു ഉററ മിത്രമായിരുന്നു. ഞാൻ മുറിയിലേക്കു കടന്നു വരുമ്പോൾ അവന്റെ ശബ്ദം കേട്ടതുപോലെ തോന്നി."

ലൂക്കോസു പ്രതിവചിച്ചു.

"ശരിയാണു്. ക്ലീററസ് പ്രാർത്ഥിക്കയായിരുന്നു. കർത്താവേ...... ഈ പാപം......ഇവരുടെ...പേരിൽ......ആ വാക്യം പൂർത്തിയാക്കാതെയാണു മരിച്ചതു്. കണക്കിടരുതേ എന്നതായിരിക്കണം ഉച്ചരിക്കാതെ വിട്ടുപോയ പദം."

ബർണബാസ് ദൃഷ്ടിയുയർത്തി ലൂക്കോസിനെ സൂക്ഷിച്ചുനോക്കി. "അതെങ്ങനെ മനസ്സിലായി?"

"സ്റ്റേഫാനോസ് എന്നൊരാൾ ആ വാക്യം ഉച്ചരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്."

"എവിടെവച്ചു്?"

"യരുശലേം നഗരത്തിനു വെളിയിൽവച്ചു്. എന്റെ പേരു ലൂക്കോസ് എന്നാണു്."

ബർണബാസ് മന്ദഹസിച്ചു. "ശിമോൻ പത്രോസ് നിന്നെപ്പററി പറഞ്ഞു കേട്ടിട്ടുണ്ടു്. ഒരു നിമിഷം നിൽക്കണേ. ഞാനൊന്നു പ്രാർത്ഥിച്ചുകൊള്ളട്ടെ."

കണ്ണുകൾ മുകളിലേക്കുയർത്തി, നല്ല ഉറപ്പുള്ള സ്വരത്തിൽ, ഏതോ ഉററ സ്നേഹിതനോടെന്നപോലെ അദ്ദേഹം ഇപ്രകാരം അർത്ഥിച്ചു. "കർത്താവേ! അങ്ങയിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ പ്രദാനം ചെയ്യുമെന്നു് അവിടുന്നു ചെയ്തിട്ടുള്ള വാഗ്ദാനത്തിൽ വിശ്വസിച്ചു്, അവിടുത്തെ സേവനത്തിൽ മരിച്ചുപോയിട്ടുള്ള ഞങ്ങളുടെ ഈ സഹോദരീസഹോദരന്മാരുടെ ആത്മാക്കളെ ഞങ്ങൾ അങ്ങയെ ഭരമേല്പിക്കുന്നു. അവരെ സ്വീകരിച്ചുകൊള്ളണമേ. ആമീൻ."

അവൻ മുറിക്കു വെളിയിൽ വന്നു. ബർണബാസ് വഴി ചൂണ്ടിക്കാണിച്ചു. "ലൂക്കോസേ! ആ വഴിയേ പോയാൽ തെരുവിലേക്കിറങ്ങാം. മൃതദേഹങ്ങൾ വഹിക്കുന്ന വണ്ടിക്കു പോകാനുള്ള വഴിയാണതു്. ഞാൻ വേറൊരു മാർഗ്ഗത്തിലൂടെ പുറത്തു പൊയ്ക്കൊള്ളാം."

"അതെന്തിനു്?"

"ഗവർണറായ പെട്ടോണിയസ് യേശുവിന്റെ അനുയായികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൂടെ കാണപ്പെടാതിരിക്കുന്നതാണു തൽക്കാലത്തേക്കു നന്നു്." ബർണബാസിന്റെ അധരങ്ങളിൽ ഒരു മന്ദസ്മേരം തത്തിക്കളിച്ചു. "ക്ഷമിച്ചിരിക്കുക. ദൈവത്തിന്റെ പരിപാടികൾ മന്ദഗതിയിൽ മാത്രമേ പകടമായി, നമുക്കു വ്യക്തമാവുകയുള്ളു. ശിമോൻ പത്രോസിനെപ്പററി അറിയണമെന്നു നിനക്കാഗ്രഹം കാണും. അക്കാര്യം നമുക്കു പിന്നീടൊരിക്കൽ സംസാരിക്കാം. ഇപ്പോൾ നാം പിരിയുക." അദ്ദേഹം സ്ഥലം വിട്ടു.

ബർണബാസിന്റെനിർദ്ദേശമനുസരിച്ചു യുവാവുനടന്നു വെളിയിൽ കടന്നു. മടക്കയാത്രയിൽ ശക്തിയായി ഒരു ചിന്ത ഡോക്ടറെ അലട്ടിക്കൊണ്ടിരുന്നു. താൻ ആ ചെമന്ന തലയനെ പിന്തുടരേണ്ടതായിരുന്നുവെന്നൊരു അന്തർബോധം മനസ്സിനെ ശക്തിയായി മഥിച്ചു.

—0—

ദിബാങ്ക് ഓഫ് ന്യൂ ഇൻഡ്യാ (ക്ളിപ്തം)

H.O. തിരുവനന്തപുരം

ചെയർമാൻ—മി: കെ. ജോർജ്ജ് ബി. എ.

ശാഖകൾ

ആലപ്പുഴ
ആലുവാ
ചാത്തന്നൂർ
ചെങ്ങന്നൂർ
ചിറയിൻകീഴ്
എറണാകുളം
കോട്ടയം
കോഴഞ്ചേരി
കുമ്പനാട്ട്
പന്തളം
പത്തനംതിട്ട
പുനലൂർ
തിരുവല്ലാ
തിരുവനന്തപുരം
വക്കം (കടയ്ക്കാവൂർ)
വെണ്ണിക്കുളം
പെരുമ്പാവൂർ

കെ. ഇ. ചെറിയാൻ

ജനറൽ മാനേജർ.

പ്രതിവാരപ്രഭാഷണം (The Sermon for the week)

# ആത്മീയമായ ദാരിദ്ര്യവും സമ്പത്തും

(എം. തൊമ്മൻ ബി. ഏ.)

“തൻെറ ഭുജംകൊണ്ടു് അവൻ ബലം പ്രവത്തിച്ചു, ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു. പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നിറക്കി താണവരെ ഉയത്തിയിരിക്കുന്നു. വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു, സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.” (ലൂക്കോസ് 1. 51—53.)

പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചു് ലോകരക്ഷകനായ ദൈവപുത്രനെ പ്രസവിക്കുവാനുള്ള ഉന്നതപദവിയിലേക്കു ദൈവം തന്നെ ഉയത്തിയതായി ദൈവദൂതനിൽനിന്നു നേരിട്ടറിഞ്ഞ സമയം മുതൽ വിശുദ്ധ കന്യകമറിയാമിൻെറ ഹൃദയത്തിൽക്കൂടി കടന്നുപോയ ചിന്തകളുടെ ഒരു പ്രതിച്ഛായയാണു് എലിശബേത്തിൻെറ സന്നിധിയിൽ വച്ചു കന്യകമറിയാം പാടിയ ആ സ്തോത്രഗീതം. ആ ഗീതത്തിൽ നിഴലിച്ചുകാണുന്ന പ്രധാന ആശയം താഴ്മ എന്നുള്ളതാണു്. ദൈവം ഈ ഉന്നതപദവിക്കായി തന്നെ തെരഞ്ഞെടുത്തതു തൻെറ താഴ്മ നിമിത്തമാണു് എന്നു കന്യകക്കു ബോദ്ധ്യമുണ്ടു്. എന്നാൽ ഇത്രവലിയ പദവിക്കു അർഹയായതുകൊണ്ടു് യാതൊരുവിധത്തിലുള്ള അഹംഭാവവും കന്യകക്കുണ്ടായില്ല. അഹങ്കാരം അവളെ തീണ്ടുകപോലും ചെയ്തില്ല. “ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു; പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നിറക്കിയിരിക്കുന്നു” എന്നുള്ള പ്രസ്താവന അവളുടെ താഴ്മയുടെ സ്വഭാവത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടു്. ഹൃദയവിചാരത്തിലുള്ള അഹങ്കാരമാണു് ബാഹ്യമായ അഹങ്കാരപ്രകടനങ്ങളേക്കാൾ ഗൗരവതരവും നാശകരവുമായിട്ടുള്ളതു്. അതുപോലെതന്നെ ഹൃദയവിചാരത്തിലുള്ള താഴ്മയാണു് യഥാർത്ഥതാഴ്മ. അതാണു് കൈവരുത്തുവാൻ കൂടുതൽ പ്രയാസവും.

മനുഷ്യനു് ഏററവും പ്രയാസമായിട്ടുള്ളതു് അവൻെറ ചിന്താജീവിതത്തെ ഭരിച്ചു നിയന്ത്രിക്കുകയാണു്. മററുള്ളവരെ അടക്കി ഭരിക്കുവാനോ മററുള്ളവരുടെ മേൽ അധികാരം നടത്തുവാനോ ഉള്ള സാദ്ധ്യത നമ്മിൽ പലക്കും വളരെ പരിമിതമായ തോതിൽ മാത്രമേ ലഭിച്ചെന്നുവരികയുള്ളു. എന്നാൽ ചിന്താലോകത്തിൽ, ഭാവനയിൽ, സ്വയം ചക്രവത്തിപദം സ്വീകരിക്കുവാനുള്ള കഴിവു നമുക്കെല്ലാവക്കുമുണ്ടു്. ആ സ്വപ്നലോകത്തിൽ നിർബാധം ഭരണം നടത്തി സംതൃപ്തി അടയുവാൻ നാം ശ്രമിക്കാറില്ലേ? ഹൃദയവിചാരത്തിൽ അഹംഭാവവും അഹങ്കാരവുമില്ലാത്തവരായി ആരുണ്ടു്? മററു രംഗങ്ങളിൽ നാം എത്ര പരാജയമടഞ്ഞാലും നമ്മുടെ സ്വന്തമായ ആ രഹസ്യലോകത്തിൽ നാം മററുള്ളവരേക്കാൾ ഉയന്ന സ്ഥാനത്തു നമ്മെത്തന്നെ അവരോധിക്കും. നാം നമ്മെത്തന്നെ മററുള്ളവരോടു താരതമ്യപ്പെടുത്തി നമ്മുടെ സ്വന്തം നിലപാടിനെയും പ്രവത്തികളെയും നീതീകരിക്കുകയും മററുള്ളവരെ കുററപ്പെടുത്തുകയും ചെയ്യാറില്ലേ? ബാഹ്യമായിട്ടല്ലെങ്കിലും നമ്മുടെ ചിന്തയിൽ നാം മററുള്ളവരെ അധിക്ഷേപിക്കുകയും അവരുടെ അധഃപതനത്തിനായി ആഗ്രഹിക്കുകയും ചെയ്യാറില്ലേ? ഹൃദയാന്തർഭാഗത്തുള്ള അഹങ്കാരചിന്തകൾ നമുക്കു വളരെ നാശം ചെയ്യുന്നവയാണു്. അവയിൽനിന്നു നാം സ്വതന്ത്രരാകണമെങ്കിൽ ആന്തരീയമായ താഴ്മ നമുക്കുണ്ടാകണം. ഇങ്ങനെയുള്ള യഥാത്ഥതാഴ്മ മററുള്ളവർ അറിയണമെന്നോ അഭിനന്ദിക്കണമെന്നോ ഉള്ള ആഗ്രഹംപോലും നമുക്കുണ്ടാകുകയില്ല. യഥാർത്ഥതാഴ്മയുടെ ഒരു ലക്ഷണംതന്നെ അതാണു്. നമ്മുടെ താഴ്മയേക്കുറിച്ചു തന്നെ ചിലപ്പോൾ നമുക്കു് അഭിമാനം തോന്നിയേക്കാം. അതു് അഹംഭാവത്തിൻെറ ഫലമാണു്. പേരിനും പെരുമക്കുമായിമാത്രം ചില വലിയ കാര്യങ്ങൾ ചെയ്യുന്നവരെ നമുക്കു പുച്ഛമാണു്. എന്നാൽ നാം അങ്ങനെയല്ല എന്നു നാം ഭാവിക്കുന്നു. മനുഷ്യരുടെ പ്രശംസക്കായിട്ടോ പ്രതിഫലേച്ഛയെ മുൻനിത്തിയോ അല്ല നാം ചിലതെല്ലാം ചെയ്യുന്നതെന്നു നാം അഭിമാനിക്കുന്നു. എന്നാൽ നമ്മുടെ ഉദ്ദേശശുദ്ധി മററുള്ളവർ അറിയണമെന്നുള്ള ഒരു രഹസ്യമായ അഭിലാഷം നമ്മെ ഭരിക്കുന്നെങ്കിൽ അതു് കുഞ്ഞാടിൻെറ വേഷം ധരിച്ച ചെന്നായാണു്; അഹംഭാവം മറെറാരു രൂപത്തിൽ നമ്മെ അടിപ്പെടുത്തുവാൻ ശ്രമിക്കുന്നു എന്നേ അതിനത്ഥമുള്ളു.

ഇതിനുള്ള ഏകപ്രതിവിധി ഹൃദയംഗമമായി ദൈവത്തെ മഹിമപ്പെടുത്തുകയും ദൈവത്തിൽ ഉല്ലസിക്കുകയും ചെയ്യുക എന്നുള്ളതാണു്. വിശുദ്ധ കന്യകയുടെ സ്തോത്രഗീതത്തിലെ പ്രാരംഭവചനങ്ങൾ നോക്കുക: “എൻെറ ഉള്ളം കത്താവിനെ മഹിമപ്പെടുത്തുന്നു; എൻെറ ആത്മാവു എൻെറ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.” എപ്പോഴും എല്ലാ കാര്യത്തിലും ദൈവത്തെ മഹിമപ്പെടുത്തുവാനും ദൈവത്തിൽ ഉല്ലസിക്കുവാനുള്ള മനോഭാവം നമുക്കുണ്ടാകുന്നപക്ഷം അഹംഭാവത്തിനു നമ്മുടെ മനസ്സിൽ യാതൊരു സ്ഥാനവുമുണ്ടാകുന്നതല്ല. യഥാത്ഥ താഴ്മ താനേ നമ്മിൽ ജനിച്ചു വളന്നുകൊള്ളും. അതു നാം അറിയണമെന്നില്ല. “എൻ മനമേ യഹോവയെ വാഴ്ത്തുക; എൻെറ സർവ്വാന്തരംഗവുമേ അവൻെറ വിശുദ്ധനാമത്തെ വാഴ്ത്തുക....... അവൻെറ ഉപകാരങ്ങൾ ഒന്നും മറക്കരുതു്” എന്നുള്ള സങ്കീത്തനവാക്യം എപ്പോഴും നമ്മുടെ പ്രാർത്ഥനയും ധ്യാനവും ആയിരുന്നാൽ നന്നു്.

“അവൻ വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.” ആത്മീയമായ ഒരു വിശപ്പിനേക്കുറിച്ചാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്. ആരോഗ്യത്തിൻെറ ഒരു ലക്ഷണമാണു് വിശപ്പു്. ആരോഗ്യവും വിശപ്പും ഇല്ലാത്തിടത്തു ഭക്ഷണം ലഭിച്ചാൽതന്നെ നിഷ്പ്രയോജനമാണു്. ആത്മീയആരോഗ്യം സാദ്ധ്യമാകണമെങ്കിൽ ശാരീരികമായ ആരോഗ്യത്തിനെന്നപോലെ ചില വ്യവസ്ഥകൾ നാം പാലിക്കേണ്ടതായിട്ടുണ്ടു്. ആ വ്യവസ്ഥകൾ പാലിച്ചാൽ ആരോഗ്യം താനേ ഉണ്ടാകും; അതോടുകൂടെ വിശപ്പും ഉണ്ടാകും. ആത്മീയമായ കാര്യങ്ങളിൽ ചിലക്കു ജന്മനാതന്നെ ഒരു താല്പര്യക്കുറവുള്ളതായി ചിലർ പറയാറുണ്ടു്. അതു് ഒരു അർദ്ധസത്യം മാത്രമാണു്. നാം തെരഞ്ഞെടുക്കുന്ന കാര്യങ്ങളിൽ മാത്രമാണു് നമുക്കു താല്പര്യം ജനിക്കുന്നതു്. നാം എത്രകണ്ടു

ശ്രദ്ധയും സമയവും നൽകുന്നുവോ അത്രകണ്ടു താല്പര്യം വർദ്ധിക്കുന്നു. നമുക്കു വേണ്ടാത്ത കാര്യങ്ങളിൽ താല്പര്യം ഉണ്ടാകണമെന്നു പറഞ്ഞാൽ അതു സാദ്ധ്യമല്ല. വിശുദ്ധ കന്യകമറിയാം ചെറുപ്പം മുതൽക്കേ "ദൈവത്തിൽ ഉല്ലസിക്കുവാൻ"—ദൈവസംസർഗ്ഗത്തിൽ സന്തോഷം കണ്ടെത്തുവാൻ—ശ്രമിച്ചു. അവൾ ദൈവത്തിന്നായി വിശന്നു. അവളുടെ വിശപ്പിനു ദൈവം തന്നെ ശമനം വരുത്തി. "വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു." ആത്മീയവിശപ്പിനുള്ള ശമനം ദൈവത്തിൻെറ നന്മകൾകൊണ്ടു നിറയുകയാണ്—ദൈവത്തിൻെറ ദാനങ്ങൾ മാത്രമല്ല, ദൈവം തന്നെ. എല്ലാററിലും ഉപരിയായി ദൈവസംസർഗ്ഗത്തിൽ സന്തോഷിക്കുന്ന ഒരനുഭവം, എല്ലാക്കാര്യങ്ങളിലും ദൈവത്തെ പ്രസാദിപ്പിക്കുന്ന അനുഭവം, അതാണ് ദൈവത്തിൻെറ നന്മകൾകൊണ്ടു നിറയുക എന്നു പറയുന്നതിൻെറ അർത്ഥം. ഈ അനുഭവം നമുക്കുണ്ടോ?

"അവൻ സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു." ലോകപ്രകാരം ധനികന്മാരായവരേക്കുറിച്ചുമാത്രമാണ് ഇവിടെ പറഞ്ഞിരിക്കുന്നതെന്നു വിചാരിക്കേണ്ടതില്ല. സമ്പന്നന്മാർ സ്വയംപര്യാപ്തതയുള്ളവരാണ്-ദൈവത്തെ സംബന്ധിച്ചു ആവശ്യബോധമില്ലാത്തവർ. ഇങ്ങനെയുള്ളവരേക്കുറിച്ചാണ് രോഗമില്ലാത്തവൎക്കു വൈദ്യനെക്കൊണ്ടാവശ്യമില്ല എന്നു കത്താവു പറഞ്ഞതു്. ആത്മീയമായിപോലും ഏതാണ്ടൊരു സ്വയം പര്യാപ്തതയുടെ ബോധം ചിലൎക്കുണ്ടായേക്കാം. അതു താഴ്മയുടെ എതിരാണ്. അവരുടെ ഹൃദയാന്തർഭാഗത്തു് സമൃദ്ധിയല്ല, ദാരിദ്ര്യമാണ് അനുഭവപ്പെടുന്നതു്—ഒരു ശൂന്യത. അവരെ ദൈവം 'വെറുതെ അയക്കുന്നു.' അവർ വെറും കയ്യായിട്ടല്ല ദൈവത്തെ സമീപിക്കുന്നതു്; അതുകൊണ്ടുതന്നെ അവർ വെറും കയ്യായി തിരിച്ചുപോകേണ്ടിവരുന്നു. നമ്മുടെ സമൃദ്ധിയുടെ മാനദണ്ഡമേതാണ്? ദൈവസാന്നിദ്ധ്യബോധവും, ദൈവാശ്രയവും ആണോ? അങ്ങനെയെങ്കിൽ ദൈവം തൻെറ നന്മകൊണ്ടു നമ്മെ നിറക്കും.

—

# വേദവായനക്കുറിപ്പുകൾ

**തിങ്കൾ ലൂക്കോസ് 10: 1–9**

നമ്മുടെ കത്താവു് എഴുപതുപേരെ തെരഞ്ഞെടുത്തയച്ചതു് സഭയുടെ വളർച്ചയിൽ ഒരു പുതിയ ഘട്ടത്തെ കുറിക്കുന്നു. സുവിശേഷം പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്തുവാനും ഭൂതങ്ങളെ പുറത്താക്കുവാനുമുള്ള അധികാരത്തോടുകൂടിയാണ് അവരെ അയച്ചതു്. കത്താവു ചെയ്തിരുന്ന വേല തന്നെ അവരെയും ഭരമേൽപ്പിച്ചു. താൻ ഇഹലോകവാസം വെടിയുന്നതിനുമുമ്പായി തൻെറ സുവിശേഷം ഇസ്രായേല്യരെ മുഴുവനും അറിയിക്കണമെന്നുള്ള നിർബന്ധം മൂലമായിരുന്നിരിക്കാം കത്താവു എഴുപതുവേലക്കാരെ വിവിധ സ്ഥലങ്ങളിലേക്കു നിയമിച്ചയച്ചതു്. അവരെ ഈരണ്ടായി പറഞ്ഞയച്ചതും വളരെ അർത്ഥവത്താണ്. പല വിധത്തിലുള്ള പ്രയാസങ്ങളും എതിർപ്പും പീഡയും അഭിമുഖീകരിക്കേണ്ടിയിരുന്ന അവരുടെ വേലയിൽ അന്യോന്യമുള്ള കൂട്ടായ്മയും തുണയും ഒഴിച്ചുകൂടാത്തതായിരുന്നു. വഴയിൽ വെച്ചു് ആരെയും വന്ദനം ചെയ്യരുതു് എന്നുള്ള നിർദ്ദേശം ആവശ്യമില്ലാതുള്ള കുശലപ്രശ്നങ്ങളിൽ സമയം നഷ്ടപ്പെടുത്താതിരിക്കാൻ ഉദ്ദേശിക്കപ്പെട്ടതായി കണക്കാക്കാം. വീട്ടിൽനിന്നു വീട്ടിലേക്കു മാറിപ്പോകരുതു് എന്നുള്ളതും അന്നത്തെ പരിതസ്ഥിതിക്കുമാത്രം പററിയതായി കരുതിയാൽ മതിയാകും. അന്നാട്ടിലെ ആളുകൾ വളരെ അതിഥിസൽക്കാരപ്രിയരായിരുന്നതിനാൽ പലവീടുകളിൽ താമസിച്ചു് അവരുടെ ആതിഥ്യത്തെ ചൂഷണം ചെയ്യരുതു് എന്നായിരിക്കാം ആ നിർദ്ദേശത്തിൻെറ അത്ഥം. ആ എഴുപതുപേരുടെ വേല ദൈവരാജ്യത്തിൻെറ ശക്തിക്കു സാക്ഷ്യം വഹിച്ചു. നമ്മുടെ സുവിശേഷപ്രവത്തനങ്ങളുടെ നിലയെന്തു്?

**ചൊവ്വാ. ലൂക്കോസ് 10:10–16**

ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെടുക എന്നുള്ള പ്രഖ്യാപനത്തോടുകൂടിയാണ് കത്താവു തൻെറ പരസ്യശുശ്രൂഷ ആരംഭിച്ചതു്. മശിഹായുടെ വാഴ്ചയുടെ ലക്ഷണങ്ങളായി പ്രവാചകന്മാർ പറഞ്ഞിരുന്നതു് കരുടന്മാർ കാഴ്ച പ്രാപിക്കും, ചെകിടന്മാർ കേൾക്കും, മുടന്തന്മാർ നടക്കും എന്നിവയായിരുന്നു (യെശയ്യ, 35: 5, 6) ഇപ്പോൾ അതെല്ലാം നിവൃത്തിയായി എന്നു കത്താവു സാക്ഷിച്ചു. ആഗതമായ ഈ ദൈവരാജ്യം പ്രസംഗിക്കുവാനാണ് എഴുപതുപേർ നിയോഗിക്കപ്പെട്ടതു്. അവരുടെ സുവിശേഷം സ്വീകരിച്ചവർ ദൈവരാജ്യത്തിനവകാശികളായി ഭവിച്ചു. അതിനെ നിഷേധിച്ചവൎക്കു് അതു ന്യായവിധിആയും പരിണമിച്ചു. ദൈവരാജ്യത്തേക്കുറിച്ചു് ഒരു നിഷ്പക്ഷനില സ്വീകരിക്കുവാൻ ആൎക്കും കഴിയുന്നതല്ല; ഒന്നുകിൽ നാം അതിനെ സ്വീകരിച്ചു് അതിൽ പ്രവേശിക്കുന്നു; അല്ലെങ്കിൽ അതിനെ നിഷേധിച്ചു് നാം നമ്മേത്തന്നെ അതിൽനിന്നു ബഹിഷ്ക്കൃതരാക്കുന്നു. ദൈവരാജ്യത്തിൻെറ അംഗങ്ങളെന്ന പദവിയിൽ വളരുവാൻ സഭയിൽ നമുക്കു ലഭ്യമായ കൃപാമാർഗ്ഗങ്ങളെ നാം സ്വീകരിച്ചു പ്രയോജനപ്പെടുത്തുന്നുണ്ടോ?

**ബുധൻ. ലൂക്കോസ് 10:17—24**

ദൈവരാജ്യത്തിൻെറ ശക്തികൾ മനുഷ്യജീവിതത്തിൽ അനുഭവപ്പെട്ടതോടെ ദൈവത്തിൻെറ ഭരണം സ്ഥാപിതമായി എന്നും സാത്താൻെറ ഭരണം തകൎന്നു എന്നും വ്യക്തമായി. തിന്മ എത്രമാത്രം പ്രബലമാണെന്നു തോന്നിയാലും അവസാനം നന്മ വിജയം നേടുമെന്നു തീർച്ചയായി. സകല തിന്മയുടെ മേലും ജയം നേടുവാനുള്ള ശക്തിപ്രദാനം ചെയ്യുവാൻ കത്താവു കഴിവുള്ളവനാണ്. കത്താവു ശത്രുവിനെ കീഴടക്കിയതിനാൽ ഇനി നമുക്കു ഭയപ്പെടേണ്ട ആവശ്യമില്ല. "എൻെറ നാമത്തിൽ എന്തു ചോദിച്ചാലും പിതാവു നിങ്ങൾക്കു തരും" എന്നുള്ള വാഗ്ദാനം നമുക്കു മതി. എഴുപതുപേരുടെ സന്തോഷത്തെ കത്താവു സ്തോത്രത്തിൻെറ ഒരു പ്രാർത്ഥനയായി മാററുന്നു. താനും പിതാവും ഒന്നാണെന്നുള്ള ഉറപ്പു കത്താവു തൻെറ ശിഷ്യന്മാൎക്കു നൽകുന്നു. ദൈവരാജ്യത്തിൽ ദൈവം ഭരണം നടത്തുന്നതിനെ കാണുവാനുള്ള ഭാഗ്യം അവൎക്കു സിദ്ധിച്ചതിൽ കത്താവു ശിഷ്യന്മാരെ ശ്ലാഘിക്കുന്നു. ഒരു പുതിയ വ്യവസ്ഥിതി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആദിമ ശിഷ്യന്മാരോടൊപ്പം ഇന്നു നാമും അ

സ്ത്രങ്ങൾ ധരിക്കുകയും ചെയ്താൽ ഇതു തടയാവുന്നതാണ്. പഴുപ്പുണ്ടാക്കുന്ന രോഗാണുക്കൾ വായുമൂലം പകരുമെന്ന് അനേകം പരീക്ഷണങ്ങൾക്കു ശേഷം ഇംഗ്ളീഷുകാരനായ ഡോ. ലിസ്റ്റർ സംശയാതീതമായി തെളിയിച്ചു. അദ്ദേഹം ഉടൻ തന്നെ ആശുപത്രികളിൽ പഴുപ്പു തടയുന്നതിനു വേണ്ടി ഒരു പ്രസ്ഥാനമാരംഭിച്ചു. അക്കാലങ്ങളിൽ രോഗാണുക്കളെ ആരും ഗണ്യമായി ചിന്തിച്ച് ക്ലേശിച്ചിരുന്നില്ല. ശസ്ത്രക്രിയ ചെയ്തു കഴിയുമ്പോൾ അവർ ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ ചോരയും ചലവും പററിപ്പിടിക്കും. അതുകൊണ്ടവർ ഈ ജോലിക്കുവേണ്ടി ഒരു പ്രത്യേക പുറം കുപ്പായം ഉപയോഗിച്ചു വന്നു. കുപ്പായം ഒരിക്കലും കഴുകുകയില്ലായിരുന്നതിനാൽ അതിൽ നിന്നും രോഗാണുക്കൾ ശസ്ത്രക്രിയക്കു വിധേയരാകുന്ന രോഗികളുടെ മുറിവിലേക്കു കടക്കുമായിരുന്നു. ലിസ്റ്റർ ഇതിനെല്ലാം മാററം വരുത്തി. വാർഡുകളിലും ശസ്ത്രക്രിയക്കുള്ള മുറിയിലും പ്രത്യേകവിധത്തിൽ ശുചിത്വമുണ്ടായിരിക്കണമെന്നദ്ദേഹം നിഷ്ക്കർഷിച്ചു. രോഗിയുടെ മുറിവിൽ സ്പർശിച്ചേക്കാനിടയുള്ളതെല്ലാം രോഗാണുവിമുക്തമായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ലക്ഷ്യം. ഏതെങ്കിലും അണുക്കൾ മുറിവിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നുവെങ്കിൽ അതിനെ കൊല്ലാൻ വേണ്ടി മുറിവിൽ ഇടുന്നതിന് ഒരു ഔഷധം കണ്ടുപിടിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ ലക്ഷ്യം. തിളക്കുന്ന ജലം രോഗാണുക്കളെ കൊല്ലുന്നു. ശസ്ത്രക്രിയോപകരണങ്ങളും തുണിയും ജലത്തിൽ ഇട്ടു തിളപ്പിച്ച ശേഷം എടുത്തുപയോഗിക്കാമായിരുന്നു. ഡോക്ടറുടെ കൈകളോ രോഗിയുടെ ത്വക്കോ തിളപ്പിച്ച ജലത്തിൽ മുക്കുക സാധ്യമല്ലല്ലോ. അനേക പരീക്ഷണങ്ങൾക്കുശേഷം രോഗിയുടെ മുറിവിലെ തന്തുക്കളെ നശിപ്പിക്കാതെ രോഗാണുക്കളെ മാത്രം കൊല്ലുന്നതിനു ശക്തിയുള്ള ഔഷധം ലിസ്റ്റർ കണ്ടു പിടിച്ചു. ഇവയെ "ആൻറിസെപ്ററിക്സ്" എന്ന് വിളിക്കുന്നു. ആൻറിസെപ്ററിക് ഔഷധങ്ങളുടെ ഉപയോഗം കൊണ്ടും ശുചിത്വ നിഷ്കർഷകൊണ്ടുമാണ് ആശുപത്രികൾ പഴുപ്പിന്റെയുംമരണത്തിന്റെയും രംഗമാകുന്നതിനുപകരം ആരോഗ്യത്തിന്റെയും സുഖപ്രാപ്തിയുടെയും മണ്ഡലങ്ങളായി മാറിയത്.

ഇതിനെതുടർന്ന് പല ആൻറിസെപ്ററിക് ഔഷധങ്ങളും കണ്ടുപിടിച്ചു കൊണ്ടിരിക്കയാണ്. ഏററവും ചെറിയ വ്രണം പോലും രോഗാണുവിമുക്തമായിരിക്കുവാൻ നാം സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഓരോ ഗൃഹത്തിലും ഉപയോഗാർത്ഥം ഓരോ കുപ്പി ആൻറിസെപ്ററിക് ഔഷധം തയ്യാറായിട്ടുണ്ടായിരിക്കണം. നിങ്ങളുടെ വീട്ടിൽ ഇല്ലെങ്കിൽ ഏതാണു വാങ്ങേണ്ടതെന്നും എങ്ങനെയാണുപയോഗിക്കേണ്ടതെന്നും നിങ്ങളുടെ ഡോക്ടറോടോ കെമിസ്റ്റിനോടോ ചോദിക്കുക. കുട്ടികൾ എടുക്കാതിരിക്കത്തക്കവണ്ണം ഔഷധക്കുപ്പി ഭദ്രമായ ഒരു സ്ഥാനത്തു സൂക്ഷിക്കുക. പല ആൻറിസെപ്ററിക് ഔഷധങ്ങളും വളരെ വിഷമയമാണ്. അവ കുടിച്ചാൽ മരണത്തിനിടയായേക്കാം.

തർജ്ജമ കെ. വി. മാമ്മൻ ബി.എ.

# യൂറോപ്പിലെ പീഡിപ്പിക്കപ്പെട്ട ഓർത്തഡോക്സ് സഭകളുടെ നില

## റവ. ഫാദർ കെ. പീലിപ്പോസുമായി ഒരഭിമുഖസംഭാഷണം

(സ്വന്തം പ്രതിനിധി) കോട്ടയം സെ.25

ഏതാണ്ടു നാലു ദശാബ്ദങ്ങളായി കമ്യൂണിസ്റ്റ് ഭരണ വ്യവസ്ഥിതിയിൽ അസ്വതന്ത്രരായി കിടന്ന് അനുസ്യൂതമായ പീഡകൾ അനുഭവിച്ചിട്ടും ഹംഗറി, റുമേനിയാ, ബൾഗേറിയാ, യൂഗോസ്ളേവിയാ മുതലായ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകൾ ഇന്നും സജീവമായി നിലകൊള്ളുന്നുവെന്നും, പ്രസ്തുത രാജ്യങ്ങളിലെ ഓർത്തഡോക്സു് സഭകൾ മലങ്കരസഭയെപ്പററി അറിയുന്നതിനും സഭയുമായി ആദ്ധ്യാത്മികബന്ധത്തിൽ എത്തുന്നതിനും കൂട്ടതലായി അഭിലഷിക്കുന്നുവെന്നും, ഹംഗറിയിൽ വച്ചു കഴിഞ്ഞ ജൂലൈ 28 മുതൽ ആഗസ്റ്റ് 5 വരെ നടന്ന അഖിലലോക സഭാകൗൺസിൽ കമ്മിററിയോഗത്തിലുംഅതിനു ശേഷംയൂറോപ്പിലെ വിവിധ രാജ്യപര്യടനങ്ങളിലും പങ്കെടുത്ത ശേഷം ഇന്നലെ ഇവിടെ തിരിച്ചെത്തിയ മലങ്കര ഓർത്തഡോക്സു് സഭാ പ്രതിനിധി റവ. ഫാദർ കെ. പീലിപ്പോസ് പ്രസ്താവിച്ചിരിക്കുന്നു.

നിങ്ങളുടെ പ്രതിനിധിയുമായി അദ്ദേഹം ഒരഭിമുഖസംഭാഷണം നടത്തുകയായിരുന്നു. ചോദ്യങ്ങൾക്ക് അദ്ദേഹം ഏതാണ്ടിപ്രകാരം മറുപടി പറഞ്ഞു.

ചോദ്യം— ഹംഗറിയിൽ വച്ചു ചേന്ന അഖിലലോക സഭാകേന്ദ്രക്കമ്മിററി സമ്മേളനത്തിനു വളരെ പ്രാധാന്യമുണ്ടെന്നു റിപ്പോർട്ടു കാണുന്നല്ലോ. എന്താണ് പ്രാധാന്യം?

ഉത്തരം—1918—നു ശേഷം ഒരു കമ്മ്യൂണിസ്റ്റ്‌രാജ്യത്തു വച്ച് ഇതാദ്യമാണ് ഇങ്ങനെ ഒരു അന്താരാഷ്ട്രീയ ക്രൈസ്തവസമ്മേളനം കൂടുന്നതു്. 90 അംഗങ്ങൾ ഉള്ള കേന്ദ്രക്കമ്മിററി ആണ്ടിൽ ഒരിക്കൽമാത്രമെ സമ്മേളിക്കയുള്ളു. ഇതിനു മുമ്പു നടന്ന പല സമ്മേളനങ്ങളും പാശ്ചാത്യരാജ്യങ്ങളിൽവച്ചായിരുന്നു. അഖിലലോക സഭാകൗൺസിൽ, അമേരിക്കയുടെയും ബ്രിട്ടന്റെയും മററും രാഷ്ട്രീയലക്ഷ്യങ്ങളുടെ ഒരുപാധിയാണെന്നും അതിനു മതപരമായ ലക്ഷ്യങ്ങൾ ഇല്ലെന്നുമാണ് കമ്യൂണിസ്റ്റ്‌രാഷ്ട്രങ്ങൾ ആരോപണം നടത്തിക്കൊണ്ടിരുന്നതു്. ഈ ആരോപണം തികച്ചും അടിസ്ഥാന രഹിതവും അവാസ്തവവുമാണെന്നു ഹംഗറിയിലെ സമ്മേളനം തെളിയിച്ചു എന്നുള്ളതാണ് വളരെ പ്രധാനം. അതായതു് ജനാധിപത്യവും സ്വേച്ഛാധിപത്യവും നിലവിലുള്ള എല്ലാരാജ്യങ്ങളിലെയും സഭകൾക്കു വേണ്ടിയുള്ളതാണ് ഈ സംഘടനയെന്ന്എല്ലാവർക്കും മനസ്സിലായി.

ചോദ്യം—ഹംഗറിയിലെ ക്രൈസ്തവസഭകൾക്കു സമ്മേളനത്തോടുണ്ടായിരുന്ന മനോഭാവമെന്തായിരുന്നു?

ഉത്തരം—ഹംഗറിയിലെ ഓർത്തഡോക്സ്സഭയും പ്രോട്ടസ്റ്റൻറുസഭകളും വളരെനാളുകളായി ഈ സമ്മേളനത്തിനുവേണ്ടി നോക്കിപ്പാക്കുകയായിരുന്നു. എല്ലാ ഇടവകകളിൽനിന്നും പല രീതിയിലുള്ള സഹകരണസഹായങ്ങൾ ഉണ്ടായി. ഞങ്ങൾ പല പള്ളികളിലും പോയി പ്രസംഗിച്ചു.

ചോദ്യം—കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ക്രൈസ്തവസഭയുടെ നില എന്താണ്?

ഉത്തരം—ക്രൈസ്തവ സഭകൾക്കു് നിയന്ത്രിതസ്വാതന്ത്ര്യമേയുള്ളു. ആരാധനക്കു് ഇപ്പോൾ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടു്. മതപരമായ പഠനമോ സണ്ടേസ്കൂളുകളോ കൺവെൻഷനുകളോ ഒന്നും നടത്താൻ അനുവാദമില്ല.

ചോദ്യം—റഷ്യൻ ഓർത്തഡോക്സ് സഭ അഖിലലോക സഭാകൗൺസിലിൽ (W.C.C.) അംഗത്വം സ്വീകരിക്കുന്നതിനും തദ്വാരാ ഓറിയൻറൽ ഓർത്തഡോക്സ് സഭകളും ബൈസൻറിയൻ ഓർത്തഡോക്സ് സഭകളും തമ്മിൽ ഐക്യത്തിൽ വരുന്നതിനും വല്ല സാധ്യതകളുമുണ്ടോ?

ഉത്തരം—W.C.C. അമേരിക്കയുടെ ഒരു പ്രധാന രാഷ്ട്രീയായുധമാണെന്നുള്ള ആരോപണം റഷ്യൻ സഭ 1948—ൽ ചേന്ന മോസ്കോ സമ്മേളനത്തിൽ ഉന്നയിക്കുകയുണ്ടായി. തന്നിമിത്തം W.C.C. യുമായി യാതൊരു ബന്ധവും പാടില്ലെന്നവർ തീരുമാനിച്ചു. എന്നാൽഅടുത്തകാലത്തു് ഈ അഭിപ്രായം മാറി വന്നു. കഴിഞ്ഞവഷം W.C.C. കേന്ദ്രകമ്മിററി ചെയർമാൻ ഡോക്ടർ ഫ്റാങ്ക്ളിൻ ഫ്റൈ മോസ്ക്കോയിൽ എത്തി മോസ്ക്കോ പാത്രിയക്കീസിനെയും നിക്കോളൈ മെത്രാപ്പോലീത്തായേയും സന്ദർശിച്ചു സംഭാഷണം നടത്തിയതിൻെറ ഫലമായി W.C.C. യും റഷ്യൻ ഓർത്തഡോക്സ് സഭയും തമ്മിൽ സമ്പക്കത്തിൽ വരുന്നതിനു സാധ്യതയുണ്ടെന്നു മനസ്സിലായി. പിന്നീടു ബിഷപ്പ് നിക്കൊളൈ അമേരിക്ക സന്ദർശിച്ച അവസരത്തിൽ ഈ സംഭാഷണം തുടർന്നുനടത്തി. തൽഫലമായി W.C.C. യും റഷ്യൻ ഓർത്തഡോക്സ് സഭയും തമ്മിൽ ഔദ്യോഗികസംഭാഷണം നടത്തുന്നതിനു തീരുമാനിച്ച വിവരം ഡോക്ടർ ഫ്റൈ ഇപ്രാവശ്യത്തെ സെൻട്രൽ കമ്മിററിയിൽ പ്രസ്താവിച്ചു. റഷ്യൻസഭയുമായി പ്രാരംഭ ചർച്ചകൾ നടത്തുന്നതിനായി കേന്ദ്രക്കമ്മിററി ഡോ. ഫ്റൈ, W.C.C. ജനറൽസെക്രട്ടറി ഡോ. വിസർട്ട് ഹൂഫ്റ്റു് എന്നിവരെ പ്രതിനിധികളായി തെരഞ്ഞെടുത്തു. സംഭാഷണം ഒന്നുരണ്ടു മാസത്തിനകം പാരീസിൽവച്ചു നടക്കുന്നതായിരിക്കും. റഷ്യൻ ഓർത്തഡോക്സ് സഭ W.C.C. യിൽ ചേരാൻ തീരുമാനിക്കുന്നപക്ഷം അതിൻെറ നയത്തിനു വിധേയമായി റുമേനിയാ, ബൾഗേറിയാ, ജോർജിയാ, യൂഗോസ്ലേവിയാ മുതലായ രാജ്യങ്ങളിലെ സഭകളും W.C.C. യിൽ ചേരുന്നതായിരിക്കും.

ചോദ്യം—മലങ്കര സഭയിലെ സമുദായക്കേസിനു്, W.C.C. യുടെ ശ്രദ്ധയിൽപ്പെടുത്തി ഒരു പരിഹാരം നേടാൻ വല്ല സാധ്യതയുമുണ്ടോ?

ഉത്തരം—W.C.C. സഭകളുടെ ആഭ്യന്തരകാര്യങ്ങളിൽ കൈ കടത്തുകയില്ല. എന്നാൽ ഇരു കക്ഷികളും കൂടി അഭ്യർത്ഥിച്ചാൽ W.C.C. ശ്രമിക്കാനിടയുണ്ടെന്നാണു് എൻെറ അഭിപ്രായം. നമ്മുടെ ജീവൽപ്രശ്നമാണിതെങ്കിലും അവക്കു് ഇതൊരു കൊച്ചു കാര്യമാണു്.

ചോദ്യം—അടുത്ത W.C.C. പൊതു സമ്മേളനം എവിടെവച്ചാണു് നടത്തപ്പെടുന്നതു്?

ഉത്തരം—മിക്കവാറുംസിലോണിലെ കാൻഡിയിൽവച്ചായിരിക്കും.

ചോദ്യം—ഈ പ്രാവശ്യം ഹോംസിലെ സിറിയൻഓർത്തഡോക്സ് പാത്രിയക്കീസിനെ കാണാൻ ശ്രമിച്ചില്ലേ?

ഉത്തരം—ശ്രമിച്ചു. പള്ളിയിൽ വച്ചു കാണുകയുംചെയ്തു.

ചോദ്യം—ഇത്തവണത്തെ പര്യടനസന്ദർശനങ്ങളിൽ ബ. അച്ചനെ ഏററവുംകൂടുതൽ ആകർഷിച്ചതെന്താണു്?

ഉത്തരം— ഓർത്തഡോക്സ് സഭകൾ കമ്യൂണിസ്റ്റുരാജ്യങ്ങളിൽ പീഡകൾ സഹിച്ചിട്ടും സജീവമായി നിലകൊള്ളുന്നു എന്നുള്ള വസ്തുതയാണു് എന്നെ വളരെആകർഷിച്ചതു്. കൂടാതെ റുമേനിയൻ ഓർത്തഡോക്സ് സഭയിലെ സന്യാസിനീസന്യാസി സമൂഹങ്ങളും എന്നെ വളരെ ചിന്തിപ്പിക്കുകയുണ്ടായി. സന്യാസിമാർ, ഫ്റാൻസിലെ 'തൊഴിലാളിപ്പട്ടക്കാ'രെപ്പോലെ മററു തൊഴിലാളികളുമൊന്നിച്ചു സന്യാസാശ്രമങ്ങളിലെ ജോലികളിൽ വ്യാപൃതരാകുന്നു. അവരെ നിശിതവും കർക്കശവുമായ സന്യാസാശ്രമനിയമങ്ങളിൽനിന്നും സഭ ഒഴിവാക്കിയിട്ടുണ്ടു്. സുദീർഘമായ പ്രാത്ഥനയിലും പങ്കുകൊള്ളണമെന്നില്ല. വ്യക്തിപരമായി കുറേക്കൂടെ സ്വാതന്ത്ര്യവും ഉണ്ടു്. ജോലിയിൽനിന്നും ലഭിക്കുന്ന പണത്തിൻെറ ഭൂരിഭാഗവും ആശ്രമത്തിൽകൊടുക്കണം. ബാക്കിയുള്ളതു സ്വന്തമായി ചെലവഴിക്കാം. സന്യാസിനീസന്യാസികൾ ഫാക്ടറിജോലി, പ്രിൻറിംഗ്, പരവതാനി നെയ്ത്തു്, തുണി നെയ്ത്തു്, മെഴുകുതിരിനിർമ്മാണം, തയ്യൽ മുതലായ ജോലികൾ ചെയ്യുന്നു. സാധാരണ എട്ടു മണിക്കൂറാണു് ജോലിസമയം. സഭവകയായി വില്പനക്കടകളും ഉണ്ടു്.

ചോദ്യം—വൈദിക സിമ്മനാരികൾ ഉണ്ടോ?

ഉത്തരം—റുമേനിയായിൽ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ 2000 വൈദിക വിദ്യാത്ഥികൾക്കു പരിശീലനം നൽകി. വിദ്യാത്ഥികൾക്കു് അവിടെ ക്ഷാമമില്ല. എന്നാൽ മേല്പറഞ്ഞ മററു രാജ്യങ്ങളിലെ വൈദിക സിമ്മനാരികളുടെയും മററും നില പരുങ്ങലിലാണു്. വൈദികസിമ്മനാരിയിൽ പഠിക്കാത്തവക്കു് അവിടെ പട്ടം കൊടുക്കുകയില്ല.

ചോദ്യം—ജനങ്ങൾ മദ്യപാനാസക്തി ഉള്ളവരാണോ?

ഉത്തരം—എല്ലാവരും വീഞ്ഞു കുടിക്കും. നമ്മൾ ചായയും കാപ്പിയും കുടിക്കുന്നതുപോലെ. മദിച്ചുനടക്കുന്നവരെ എനിക്കു കാണാൻ കഴിഞ്ഞില്ല.

ചോദ്യം— മലങ്കരസഭയെപ്പററിയും നമ്മുടെ തിരുമേനിമാരെപ്പററിയും അവിടത്തെ സഭകളുടെ അധികൃതർ ആരാഞ്ഞില്ലേ?

ഉത്തരം—പ. കാതോലിക്കാ ബാവാ തിരുമേനിയുടെയും ഇവിടത്തെ സഭ മുഴുവൻെറയും പ്രതിനിധിയായി ഞാൻ അയക്കപ്പെട്ടതുകൊണ്ടാണു് അവർ എന്നെ സ്വീകരിച്ചു ബഹുമാനിച്ചതു്. ഇൻഡ്യാക്കാരുടെ ധാർമ്മികനില വളരെ ഉയർന്നതാകയാലും, ഇൻഡ്യ ഗാന്ധിയൻ തത്വങ്ങളിൽ ലോകസമാധാനത്തിനുവേണ്ടി നിലനിൽക്കുന്നതുകൊ

ണ്ടും അവർക്കു നമ്മോടു വളരെ ബഹുമാനമാണ്. മലങ്കര സഭയെപ്പറ്റി കൂടുതൽ അറിയുന്നതിന് അവർ അഭിലാഷം പ്രകടിപ്പിച്ചു. തിരുമേനിമാർക്കു സന്തോഷസൂചകമായി ചില സമ്മാനങ്ങളും ആശംസകളും തന്നയച്ചു.

ചോദ്യം—നമുക്ക് അനുകരണീയമായ എന്തെങ്കിലും സംഗതികൾ കാണുകയുണ്ടായോ?

ഉത്തരം—പലതും കണ്ടു. അവിടത്തെ ആശ്രമ ജീവിത പരിപാടികൾ നമ്മുടെ ബഥനിആശ്രമത്തിലും മററും ആരംഭിച്ചു നടപ്പിൽവരുത്തേണ്ടതാണ്.

ചോദ്യം—സഭകളുടെ ആദ്ധ്യാത്മികവും സാമ്പത്തികവുമായ നില എങ്ങനെയിരിക്കുന്നു?

ഉത്തരം—ഞാൻ കണ്ട സഭകൾ എല്ലാംതന്നെ സമ്പന്നമാണ്. ബിഷപ്പന്മാർ വളരെ താഴ്മയുള്ളവരും ആതിഥേയപ്രിയരുമാണ്. ആരാധനയിൽ സംബന്ധിക്കുന്നവരുടെ എണ്ണം വച്ചു നോക്കുകയാണെങ്കിൽ റുമേനിയായിലെ ആദ്ധ്യാത്മികനില താണതല്ല.

ചോദ്യം—റുമേനിയൻസഭയ്ക്കു വല്ല പ്രസിദ്ധീകരണങ്ങളുമുണ്ടോ?

ഉത്തരം—ഉണ്ട്. അഞ്ചു പ്രസിദ്ധീകരണങ്ങൾ. മാസികകൾ സഭവക പ്രസ്സിലാണ് അച്ചടിക്കുന്നത്. ബൈബിളും മററു മതഗ്രന്ഥങ്ങളും എല്ലാം അവിടെത്തന്നെ അച്ചടിക്കുന്നു. പൂജാപാത്രങ്ങൾ,മെഴുകുതിരി മുതലായവയുടെ നിർമ്മാണം സഭയുടെ കുത്തകയാണ്.

ചോദ്യം— കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ജനങ്ങൾ സംതൃപ്തരാണോ?

ഉത്തരം—വ്യക്തിസ്വാതന്ത്ര്യം അടിച്ചമർത്തുന്നതിനാലും കർഷകരോടു കൂടുതൽ നികുതി ഈടാക്കുന്നതിനാലും പലപ്പോഴും അസ്വാസ്ഥ്യതകൾ ഉണ്ടാകുന്നുണ്ട്. ചില സ്ഥലങ്ങളിൽ ജനങ്ങൾ ക്യൂ നിന്നും ഭക്ഷണധാന്യങ്ങൾ വാങ്ങുന്നതു കണ്ടു. പട്ടക്കാർക്കു സ്റ്റേററു ശമ്പളം നൽകുന്നതുമൂലം ചില സ്വാതന്ത്ര്യ നിയന്ത്രണങ്ങളെല്ലാം അനിവാര്യമാണ്. നമുക്ക് ഇവിടെയുള്ള സ്വാതന്ത്ര്യത്തിൻെറ വില അവിടെ ചെന്നാൽ ശരിക്കു മനസ്സിലാകും.

ഇമ്മാതിരിയുള്ള സൗഹാർദ്ദനിർഭരമായ സന്ദർശനപ്രതിസന്ദർശനങ്ങൾമൂലം അനതിവിദൂരഭാവിയിൽ മലങ്കരസഭയും യൂറോപ്പിലെ ഓർത്തഡോക്സ് സഭകളും തമ്മിൽ കൂടുതൽ സമ്പർക്കത്തിലും തദ്വാരാ ഐക്യത്തിലും എത്തിച്ചേരുമെന്നുള്ള ശുഭപ്രതീക്ഷയാണ്, ഞങ്ങൾ കാപ്പി കുടിച്ചു നന്ദി പറഞ്ഞു പിരിഞ്ഞപ്പോഴും ബ. അച്ചനെ ഭരിച്ചിരുന്നതു്.

—o—

# പോളിക്കാർപ്പ് സഹദാ

[ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്]

ഏഷ്യാമൈനറിൽ സ്മർണ്ണാപട്ടണത്തിലെ ബിഷപ്പായിരുന്ന പോളിക്കാർപ്പ്. അമ്പതു കൊല്ലത്തിലധികം മെത്രാനായിരുന്ന ശേഷം ക്രിസ്താബ്ദം 156—ൽ 86—ാമത്തെ വയസ്സിൽ തൻെറ പട്ടണത്തിലെ മൈതാനത്തു വച്ച് അദ്ദേഹം കൊല്ലപ്പെട്ടു. ചെറുപ്പത്തിൽ അദ്ദേഹം എഫേസൂസിൽ മാർ യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു.

ഒരു കള്ളൻെറ പിന്നാലെ എന്നപോലെ ക്രിസ്തുമത പീഡകർ കുതിരപ്പുറത്തു ആയുധങ്ങൾ ധരിച്ച പോലീസുകാരോടു കൂടി വന്നു ചേർന്നു. മാളികയിൽ ഒരു കൊച്ചു മുറിയിൽ അദ്ദേഹം വിശ്രമിക്കയായിരുന്നു. അവിടെ നിന്നു അദ്ദേഹത്തിനു രക്ഷപ്പെടാമായിരുന്നു. എന്നാൽ അതിനു മനസ്സില്ലാതെ “കർത്താവിൻെറ ഇഷ്ടം നടക്കട്ടെ ”എന്നു അദ്ദേഹം പറഞ്ഞു. അവർ വന്നു എന്നു കേട്ടപ്പോൾ അദ്ദേഹം താഴത്തേക്കു വന്ന് അവരോടു സംസാരിച്ചു. അദ്ദേഹത്തിൻെറ പ്രായവും ധൈര്യവും അവരെ ആശ്ചര്യപ്പെടുത്തി. ഭക്ഷണവും പാനീയവും വേണ്ടുവോളം അവർക്കു കൊടുത്ത ശേഷം ഒരു മണിക്കൂർ നേരം പ്രാർത്ഥിക്കുവാൻ അവസരം കൊടുക്കണമെന്നു ആവശ്യപ്പെട്ടതു് അവർ അനുവദിച്ചു. രണ്ടുമണിക്കൂർ നേരം അദ്ദേഹം നിന്ന് കാതോലിക്കാ സഭയ്ക്കു വേണ്ടിയും മററും പ്രാർത്ഥിച്ചു. അത്രയ്ക്കു ദൈവകൃപ കൊണ്ടു അദ്ദേഹം നിറഞ്ഞിരുന്നു. അദ്ദേഹത്തെ പിടിക്കുവാൻ വരേണ്ടിയില്ലായിരുന്നു എന്നു അവരിൽ ചിലർക്കു തോന്നി. പുറപ്പെടുന്ന സമയത്തു് രണ്ടു പ്രമാണികൾ വന്ന് അവരുടെ വണ്ടിയിൽ അദ്ദേഹത്തെ കയററുകയും കൈസർക്കു ധൂപം വച്ചാൽ എന്താണു ദോഷം, ഉപദ്രവം നീങ്ങുമല്ലോ എന്നു ഗുണദോഷിക്കയും ചെയ്തു. “ഞാൻ അതു ചെയ്യുകയില്ലെ”ന്നു അദ്ദേഹം പറഞ്ഞു. അവർക്കു ദേഷ്യം വന്ന് വണ്ടിയിൽ നിന്ന് അവർ അദ്ദേഹത്തെ തള്ളിയിടുകയും അദ്ദേഹത്തിൻെറ കാൽ ഉളുക്കുകയും ചെയ്തു. മൈതാനത്തു ജനങ്ങളുടെ ബഹളമായിരുന്നു. പോളിക്കാർപ്പിനെ പിടിച്ചു കൊണ്ടു വന്നിരിക്കുന്നു എന്നു കേട്ടപ്പോൾ ജനം ആർപ്പും് വിളിച്ചു. “നിങ്ങൾ പോളിക്കാർപ്പ് തന്നെയോ? എന്നു ഗവർണർ പീലിപ്പോസ് ചോദിച്ചു.

പോളി: അതെ.

ഗവ: നിങ്ങളുടെ പ്രായത്തെ ഓർത്ത് കൈസരുടെ ദിവ്യത്വത്തെ നിങ്ങൾ സമ്മതിക്കുക, മിശിഹായെ തള്ളിപ്പറയുക, നിങ്ങളെ ഞാൻ വിട്ടയയ്ക്കാം.

പോളി. 86 വയസ്സു വരെ ഞാൻ മിശിഹായെ സേവിച്ചു; അവൻ എനിക്കു യാതൊരു ദോഷവും ചെയ്തിട്ടില്ല, പിന്നെ എങ്ങനെ ഞാൻ എൻെറ രാജാവും രക്ഷകനുമായവനു വിരോധമായി ദൈവ ദൂഷണം പറയും? ഞാൻ ഒരു ക്രിസ്ത്യാനിയാണെന്നു നീ മനസിലാക്കണം. ഇതിൻെറ അർത്ഥം എന്താണെന്ന് നിനക്കു മനസ്സിലാകണമെങ്കിൽ ഒരു ദിവസം നിശ്ചയിക്ക. ഞാൻ വിശദമായി പറയാം.

ഗവ: കാട്ടുമൃഗങ്ങൾ എനിക്കുണ്ട്. നിൻെറ മനസ്സു മാറുന്നില്ലെങ്കിൽ ഞാൻ നിന്നെ അവയ്ക്കു് എറിഞ്ഞു കൊടുക്കും, അവ നിന്നെ കൊല്ലുന്നില്ലെങ്കിൽ അഗ്നിയിലേക്കു നിന്നെ എറിയും.

പോളി: ഒരു മണിക്കൂർ നേരം കത്തി അണഞ്ഞു പോകുന്ന അഗ്നിയോ? അതു സാരമില്ല. ന്യായവിധിയേയും അഭക്തന്മാർക്കായി കാക്കപ്പെട്ടിരിക്കുന്ന അഗ്നിയേയും നീ ഓർക്കുക.

സ്മർണ്ണായിലെ യഹൂദന്മാരും പുറജാതിക്കാരും ഉറക്കെ അലറിപ്പറഞ്ഞു. ഇയാൾ ക്രിസ്ത്യാനികളുടെ പിതാവ്,നമ്മുടെ മതത്തെ മറിച്ചുകളയുന്നവൻ,നമ്മുടെ ദൈവങ്ങളെ

**Thought for the week**

Nothing is too little to be ord- ered by our father; nothing too little in which to see His hand; nothing which touches our souls, to o little to accept from Him;nothing too little to be done to Him.

E. B. PUSEY.

പ്രതിവാരപ്രഭാഷണം (The Sermon for the week)

# അജ്ഞാതമായ ഭാവി

(എം. തൊമ്മൻ ബി. ഏ.)

"ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു്; എന്നാൽ നിങ്ങൾക്കു് ഇപ്പോൾ വഹിപ്പാൻ കഴിവില്ല."

(യോഹന്നാൻ 16: 12)

പ്രകൃതിയേക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും മറവായിരുന്ന പല വസ്തുതകളും മനുഷ്യൻെറ അന്വേഷണഫലമായി പുറത്തുവന്നിട്ടുണ്ടു്. കാലം കഴിയുന്തോറും അറിവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ശാസ്ത്രയുഗത്തിൽ ദിവസേനയെന്നവണ്ണം മനുഷ്യൻെറ ദർശനത്തിൻെറ ചക്രവാളം വികസിച്ചുകൊണ്ടാണിരിക്കുന്നതു്. പുതിയ കണ്ടുപിടിത്തങ്ങൾ മൂലം മനുഷ്യനു കരഗതമായിട്ടുള്ള കഴിവുകളും അത്ഭുതാവഹങ്ങളാണു്. എന്നാൽ ഒരു കാര്യത്തിൽ മനുഷ്യൻ ഇപ്പോഴും നിസ്സഹായനാണു്. ഭാവിയെ സംബന്ധിച്ച കാര്യത്തിൽ. നാളെഎന്തു സംഭവിക്കും എന്നുള്ള കാര്യംപോലും ആർക്കും നിശ്ചയമില്ല. കുറേ കൂടി വിദൂരമായ ഭാവിയേക്കുറിച്ചു ചിന്തിച്ചാൽ ആ അനിശ്ചിതാവസ്ഥ കൂടുതൽ ഭയാനകമായി തോന്നിയേക്കാം. എൻെറയും എൻെറ വാത്സല്യഭാജനങ്ങളുടേയും ജീവിതം ഏതെല്ലാം അനുഭവങ്ങളിൽകൂടി കടന്നു പോകേണ്ടിവരും? ഭാവി സുഖകരമായിരിക്കുമോ ആപൽക്കരമായിരിക്കുമോ? ആർക്കെങ്കിലും പെട്ടെന്നു മരണം സംഭവിക്കുമോ? ജീവിതം എത്രനാൾ നീണ്ടുനിൽക്കും? ഈ വക ചോദ്യങ്ങൾക്കു തൃപ്തികരമായ ഉത്തരം ലഭ്യമല്ല. ഭാവിയിൽ അന്തർലീനമായിക്കിടക്കുന്ന രഹസ്യങ്ങളെ പുറത്തു കൊണ്ടുവരുവാൻ മനുഷ്യൻ പല ശ്രമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അവയുടെ ഫലം വിശ്വാസനീയമല്ല. പ്രവചനങ്ങൾ പലപ്പോഴും അസ്ഥാനത്തായിട്ടാണു് അനുഭവപ്പെടുന്നതു്. അപ്രതീക്ഷിതമായ പലതും സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു ഭാവിയേ സംബന്ധിച്ച അനിശ്ചിതാവസ്ഥയുടെ അധിക പങ്കം സ്വീകരിക്കാതെ ഗത്യന്തരമില്ലാത്ത ഒരു നിലയിലാണു് നാം സ്ഥിതി ചെയ്യുന്നതു്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതു് ഒരനുഗ്രഹമായി കരുതേണ്ടിയിരിക്കുന്നു. കാരണം:, ഭാവിയെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം യഥാർത്ഥത്തിൽ ആശാസ്യമല്ല. ഭാവിജീവിതം എല്ലാവിധത്തിലും സുഖസമ്പൂർണ്ണവും വിജയകരവുമായിരിക്കുമെന്നുള്ള അറിവു ലഭിച്ചാൽ പിന്നെ മനുഷ്യൻ അലസനും പ്രവൃത്തിരഹിതനുമായി ഭവിക്കും. വരുവാനിരിക്കുന്ന ചില അത്യാഹിതങ്ങളെക്കുറിച്ചു മുന്നറിവു ലഭിക്കുന്ന പക്ഷം ഭയവും നിരാശയും മൂലം ജീവിതം അസാദ്ധ്യമായിത്തീരുകയും ചെയ്തേക്കാം.

ഭാവിയിലേക്കു നോക്കുമ്പോൾ നമുക്കു് ആശയും ആശ്വാസവും നൽകുവാൻ കഴിവുള്ള ഒരു കാര്യം മാത്രമേയുള്ളു. അതു് നമ്മുടെ പിതാവും സർവ്വശക്തനുമായ ദൈവം വരുവാനുള്ള കാര്യങ്ങൾ അറിയുന്നു എന്നും, നമ്മുടെ ഭാവി ദൈവത്തിൻെറ കരങ്ങളിൽ സുരക്ഷിതമാണെന്നും ഉള്ള വിശ്വാസമാണു്. ദൈവത്തിൻെറ അറിവും അനുവാദവുംകൂടാതെ നമുക്കു യാതൊന്നും സംഭവിക്കയില്ലെന്നും അങ്ങനെ സംഭവിക്കുന്നതെല്ലാം നമ്മുടെ യഥാർത്ഥ നന്മക്കു് ഉതകത്തക്കവണ്ണം ദൈവം നിയന്ത്രിക്കുമെന്നും ഉള്ള വിശ്വാസം എപ്പോഴും നമ്മെഭരിക്കേണ്ടതാണു്. ഈ വിശ്വാസം എത്രമാത്രം നമ്മെ ഭരിക്കുന്നുവോ അത്രമാത്രം നമ്മുടെ ജീവിതം സുശക്തവും സമാധാനപൂർണ്ണവുമായിരിക്കും.

നമ്മുടെ കർത്താവു് ആവർത്തിച്ചാവർത്തിച്ചു പഠിപ്പിച്ച ഒരു സത്യം നമുക്കു ഭയപ്പെടേണ്ട ആവശ്യമില്ലെന്നുള്ളതാണു്. അജ്ഞാതവും അന്ധകാരാവൃതവുമായ ഭാവിയുടെയും നാഥനായി ദൈവം നിലകൊള്ളുന്നു. നമ്മുടെ ജീവിതം ഏതുവഴിക്കു തിരിഞ്ഞാലും ഏതു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കേണ്ടി വന്നാലും അവിടെയെല്ലാം നമുക്കു താങ്ങും തുണയുമായി നമ്മെ നയിക്കുവാൻ സന്നദ്ധനായി ദൈവം കാത്തുനിൽക്കുന്നു. നാം ഭയപ്പെടുന്ന അനർത്ഥങ്ങൾ പലതും സംഭവിച്ചില്ലെന്നുവരാം. സംഭവിച്ചാൽതന്നെയും അവയെ നേരിടുവാൻ ആവശ്യമായ ശക്തിയും ധൈര്യവും ദൈവം പ്രദാനം ചെയ്യും. ഏതായാലും ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഭയത്തിനു സ്ഥാനമില്ല. ഭാവിയേക്കുറിച്ചുള്ള ജിജ്ഞാസയും ഉൽക്കണ്ഠയും, എല്ലാം മുമ്പേകൂട്ടി അറിഞ്ഞു സുരക്ഷിതമാക്കുവാനുള്ള വ്യഗ്രതയും ദൈവവിശ്വാസമില്ലാത്ത വരി ലാണു് സാധാരണ കാണപ്പെടുന്നതു്.

---

നശിപ്പിക്കുന്നവൻ, അവർക്കു ബലി അർപ്പിക്കരുതെന്നു പറയുന്നവൻ.

സിംഹത്തെ അഴിച്ചു വിട്ടിട്ടു അദ്ദേഹത്തിനു ദോഷം പററാഞ്ഞതിനാൽ വിറകു കൂട്ടി അഗ്നി ജ്വലിപ്പിച്ചു. ദൈവത്തിൻെറ അംഗീകാര ബലിയായ അദ്ദേഹത്തെ അവർവലിഞ്ഞു കെട്ടി. പോളിക്കാർപ്പ് സ്വർഗ്ഗത്തിലേക്കു കണ്ണുയർത്തി നമസ്ക്കരിച്ചു പ്രാർത്ഥിച്ചു. "സർവ്വ ശക്തനായ ദൈവം തമ്പുരാനെ നിൻെറ ഭാഗ്യപുത്രനായ യേശു മിശിഹായുടെ പിതാവേ, നിൻെറ സഹദേന്മാരുടെ കൂട്ടത്തിൽ ഈ ദിവസം എന്നെ ഉൾപ്പെടുത്തിയതിനായി ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു. എന്നെ നിൻെറ സന്നിധിയിലേക്കു എടുക്കേണമേ"

ജ്വലിക്കുന്ന അഗ്നിയിൽ ഒരു വലിയ അൽഭുതം കണ്ടു. തീജ്വാല സഹദായുടെ ശരീരത്തിനു ചുററും വൃത്തമായി നിലകൊള്ളുകയും ആ പ്രദേശത്തു ഒരു സുഗന്ധവാസന വീശുകയും ചെയ്തു. തീജ്വാലയിൽ ശരീരം ദഹിക്കുന്നില്ലെന്നു കണ്ടപ്പോൾ ആരാച്ചാർ വാളോടു കൂടി അടുത്തു് പരിശുദ്ധൻെറ കഥ കഴിച്ചു. വിശ്വാസികൾ ശരീരം രത്നങ്ങളേക്കാളും തങ്കത്തേക്കാളും വിലമതിച്ചു് ഭക്തിപൂർവം സംസ്ക്കരിച്ചു. സഹദായുടെ മരണം അദ്ദേഹത്തിൻെറജന്മ ദിവസമെന്നു പറയപ്പെട്ടുന്നു.എന്തുകൊണ്ടെന്നാൽ സ്വർഗ്ഗ രാജ്യത്തിലേയ്ക്കു അവൻജനിക്കുന്ന അവസരം അതാണല്ലൊ.

ദൈവവിശ്വാസമെന്നുപറയുമ്പോൾ യേശുക്രിസ്തു വെളിപ്പെടുത്തിയ സത്യദൈവത്തിലുള്ള ഉറച്ച വിശ്വാസമാണു് വിവക്ഷിക്കുന്നതു്.

ഭാവിമാത്രമല്ല മനുഷ്യജീവിതത്തെ ഉൽക്കണ്ഠാഭരിതമാക്കിത്തീർക്കുന്നതു്. നാം അനുദിനം അഭിമുഖീകരിക്കേണ്ടിവരുന്ന പല പ്രശ്നങ്ങളും വളരെ കുഴഞ്ഞവയാണു്. അവയെക്കുറിച്ചു ശരിയായ നിശ്ചയം ചെയ്യുവാനും അതു നടപ്പിലാക്കുവാനും ആവശ്യമായ ബുദ്ധിയോ പ്രാപ്തിയോ ഇല്ലാത്തതുകൊണ്ടുള്ള ഒരു നിസ്സഹായത മനുഷ്യസഹജമാണു്. എത്ര ബുദ്ധിമാനും പ്രാപ്തനുമായ മനുഷ്യനും സ്വശക്തിയാൽ തരണം ചെയ്യുവാൻ കഴിയാത്ത ദുർഘടസന്ധികളും അപ്രാപ്യമായി തോന്നുന്ന ലക്ഷ്യങ്ങളും ജീവിതത്തിൽ അനുഭവപ്പെടാറുണ്ടു്. അവിടെയെല്ലാം ജീവിതത്തെ സുഗമമാക്കിത്തീർക്കുവാൻ സഹായിക്കുന്ന ഏകമാർഗ്ഗം തന്റെ അദൃശ്യസാന്നിദ്ധ്യവും നടത്തിപ്പും ശക്തിയും പ്രദാനംചെയ്യുവാൻ സന്നദ്ധനായി കാത്തുനിൽക്കുന്ന ദൈവത്തിൽ ആശ്രയിക്കുകയാണു്. അനുദിനജീവിതത്തിൽ ദൈവം നമുക്കു മതിയായവനായി അനുഭവപ്പെട്ടെങ്കിൽമാത്രമേ നമ്മുടെ ഭാവിദൈവത്തെഭരമേല്പിക്കുവാൻ നമുക്കു കഴിയൂ. ഭാവിയെക്കുറിച്ചുള്ള ആശങ്ക വർത്തമാനകാലത്തിൽ നമ്മെ അലട്ടുന്ന നിസ്സഹായതയുടെ ഒരു പ്രതിച്ഛായയായിരിക്കാം. ദൈവം ഇപ്പോൾ നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമാണെങ്കിൽ ഭാവിയെ സംബന്ധിച്ചും അങ്ങനെതന്നെ ആയിരിക്കും. ഇപ്പോൾനമ്മുടെ ജീവിതത്തിന്റെ എല്ലാം ആവശ്യങ്ങൾക്കും ദൈവം പര്യാപ്തനാണെങ്കിൽ ഭാവി ഒരിക്കലും ഭയാനകമായിരിക്കയില്ല.

നമ്മുടെ കർത്താവു് തന്റെ ശിഷ്യന്മാർക്കു നൽകിയ അന്ത്യസന്ദേശത്തിന്റെ ഒരു ഭാഗമായിരുന്നു മേൽ ഉദ്ധരിച്ച വാക്യം. "ഇനിയും വളരെ നിങ്ങളോടു പറവാനുണ്ടു്. എന്നാൽ നിങ്ങൾക്കു് ഇപ്പോൾ വഹിപ്പാൻ കഴിവില്ല." സർവ്വജ്ഞനായ ദൈവം അല്പാല്പമായി മാത്രമാണു് തന്റെ രഹസ്യങ്ങളെ നമുക്കു വെളിപ്പെടുത്തുന്നതു്. അതു നമ്മുടെ കഴിവിനെ ആശ്രയിച്ചിരിക്കും. ദൈവം വെളിപ്പെടുത്തുന്ന സത്യങ്ങളും നൽകുന്ന നിർദ്ദേശങ്ങളും നാം സ്വീകരിച്ചു സ്വായത്തമാക്കുന്നതനുസരിച്ചു് കൂടുതൽ അറിയുവാനുള്ള കഴിവും നമുക്കുണ്ടാകും. കേവലം സാധാരണ മനുഷ്യരായിരുന്ന അപ്പോസ്തോലന്മാർ കർത്താവുമായുള്ള ശാരീരിക സമ്പർക്കത്തിന്റെ ചുരുങ്ങിയ കാലയളവിൽ—മൂന്നു വർഷത്തിനിടയിൽ—സമ്പാദിച്ച പരിജ്ഞാനം അവരുടെ അനന്തര ജീവിതത്തിലെ ആത്മീയ വളർച്ചയോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ തുച്ഛമായിരുന്നു എന്നു പറയാം. കർത്താവിനു് അവരോടു പറയാനുണ്ടായിരുന്ന പലതും പിന്നീടു് 'വഹിപ്പാനുള്ള അവരുടെ കഴിവു്" വർദ്ധിച്ചതനുസരിച്ചു താൻ പറഞ്ഞു:—കർത്താവിന്റെ പൂർണ്ണതയിലേക്കുള്ള അവരുടെ വളർച്ച അത്ഭുതാവഹമായിരുന്നു. അപ്പോസ്തോലന്മാരെ കരുപ്പിടിപ്പിച്ച ആ കരങ്ങൾതന്നെയാണു് ഇന്നു നമ്മെയും നടത്തുകയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതു്. നമ്മുടെ ജീവിതവും ഭാവിയും ആ കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമാണു്. ഭാവിയെപ്പററി ഭാരപ്പെടാതെ ഓരോ ദിവസവും കർത്താവു നൽകുന്നവെളിച്ചത്തിൽ കർത്താവിനോടുകൂടെനടക്കുവാനുള്ള കൃപ നമുക്കുലഭിക്കട്ടെ.

# വേദവായനക്കുറിപ്പുകൾ

## തീമോത്തിയോസിനുള്ള ലേഖനങ്ങൾ (തുടർച്ച)

(ഫാദർ സി. എ. ഏബ്രഹാം.എം എ., ബി. ഡി. ബി. ലിററ്)
(ഓക്സൺ)

തിങ്കൾ—4:1-5

ദുരുപദേശങ്ങളാൽ വിശ്വാസികളെ തെറ്റിക്കുന്ന ശത്രുക്കളെപ്പററി ഈ ഭാഗത്തു പറയുന്നു. വിവാഹത്തെയും ഭക്ഷണത്തെയും സംബന്ധിച്ചു് അക്രൈസ്തവമായ ഒരു മനോഭാവം പ്രകടിപ്പിക്കുന്നവരായിട്ടാണു് അപ്പൊസ്തോലൻ അവരെപ്പററി പറയുന്നതു്.

ദൈവദാനങ്ങൾ മനുഷ്യൻ ദുരുപയോഗപ്പെടുത്തിയേക്കാം. എന്നാൽ ദൈവസൃഷ്ടിയിലുള്ള ഒന്നും അതിൽ തന്നെ ഹീനമായതല്ല. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതെന്നു താൻ കണ്ടു. (ഉല്പ: 1: 31) ദൈവദാനങ്ങളായ ശരീരം, ഭക്ഷണം മുതലായവ നന്ദിയോടുകൂടെ ദൈവയിഷ്ടപ്രകാരം മാത്രം ഉപയോഗിക്കേണ്ടവയാണു്. സകലവിധ സ്തോത്രങ്ങളുടെയും കേന്ദ്രീകരണം സ്തോത്രബലിയാകുന്ന വി. കുർബ്ബാനയിലാകുന്നു.

ദൈവദാനങ്ങളെക്കുറിച്ചുള്ള നമ്മുടെ മനോഭാവമെന്തെന്നു ചിന്തിക്കുക. ദൈവത്തിനു് നന്ദിപറഞ്ഞുകൊണ്ടു് അനുഭവിക്കാൻ നിവൃത്തിയില്ലാത്ത എന്തിലെങ്കിലും ആനന്ദം നാം അന്വേഷിക്കാറുണ്ടോ?

"ദൈവമെ, എനിക്കു നീ തന്നിട്ടുള്ള ശരീരവും, മനസ്സും, സംസാരശക്തിയും, സമയവും, ധനവും നിന്റെ ഇഷ്ടപ്രകാരം ഉപയോഗിക്കുകയും ചെലവാക്കുകയും ചെയ്യുവാൻ എനിക്കു ശക്തി തരണമേ."

* * *

ചൊവ്വാ—4: 6-16

തീമോത്തിയോസിനുള്ള പ്രത്യേകമായ ഉപദേശമാണു് ഈ ഭാഗത്തു്. ദൈവത്തിന്റെ ശുശ്രൂഷക്കാരൻ ഉപദേശത്തിൽ താല്പര്യമുള്ളവനും വിശ്വാസത്തെ പ്രവൃത്തിയിൽ കാണിക്കുന്നവനും ആയിരിക്കണം. ആത്മീയപ്രയോജനമില്ലാത്ത കിഴവിക്കഥകളെ ത്യജിച്ചു്, ദൈവഭക്തിയുണ്ടാക്കുന്ന അഭ്യാസവും ശിക്ഷണവും പാലിക്കണമെന്നും, കൈവെപ്പുമൂലം തീമോത്തിക്കു് ലഭിച്ചിട്ടുള്ള കൃപാവരത്തിനുയോജ്യമാംവണ്ണം ജീവിക്കണമെന്നും വി. പൗലോസ് ഉൽബോധിപ്പിക്കുന്നു.

ശാരീരികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനു സുശിക്ഷിതമായ അഭ്യസനം ആവശ്യമായിരിക്കുന്നതുപോലെ ആത്മീയ കഴിവുകൾക്കും ആവശ്യമാണു്. ശരീരസുഖത്തിനുവേണ്ടിയുള്ള ശിക്ഷണത്തെപ്പററി കരുതുകയും ആത്മീയ ജീവൻ എങ്ങനെയെങ്കിലും പുരോഗമിച്ചുകൊള്ളും എന്നുള്ള വിചാരത്തിൽ നാം കഴിയുകയും ചെയ്യുന്നുണ്ടോ? വേദപുസ്തകവായന, സ്വയ പരിശോധന, മദ്ധ്യസ്ഥപ്രാർത്ഥന, ധാനധർമ്മങ്ങൾ, ഉപവാസം ഇവയിലെല്ലാം നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെന്തു്?

"ദൈവമെ, എന്റെ ശരീരത്തിനുവേണ്ടി വിചാരപ്പെടുന്നതുപോ

ലെയെങ്കിലും എന്റെ ആത്മാവിനെപ്പററി ചിന്തിക്കുവാൻ എനിക്കു നീ സഹായിക്കണമെ.''

ബുധൻ—5: 1-16

മററുള്ളവരോട്ട് പെരുമാറുന്ന വിധത്തെപ്പററി തീമോത്തിക്കുള്ള നിർദ്ദേശങ്ങളാണ് ഈ ഭാഗത്തുള്ളതു്. വിധവമാരെ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള പ്രായോഗിക നിർദ്ദേശമാണ് ഇതിൽ അധികവും. വിധവകളെ സംരക്ഷിക്കുന്നതു് സഭയുടെ ഒരു ചുമതലയായി ഇവിടെ പറയുന്നു. വിധവമാരുടെ സഭയിലുള്ള ചുമതലകൾ രോഗികളെ ശുശ്രൂഷിക്കുക, അനാഥരെപ്പററി അന്വേഷിക്കുക, തടവുകാരെ സന്ദർശിക്കുക എന്നിവയായിരുന്നു. വിധവമാരെ സഭ സംരക്ഷിക്കുന്നതു് അവരുടെ ബന്ധത്തിൽപ്പെട്ടവർക്ക് അതിനുള്ള കഴിവില്ലാത്തപ്പോൾ മാത്രമായിരുന്നു.

അനാഥരും, വിധവകളും, വൃദ്ധന്മാരും സഭയുടെ പ്രത്യേക സഹായം അർഹിക്കുന്നവരായി ആദിമസഭ കരുതിയിരുന്നു. ആത്മീയകൂട്ടായ്മയുടെ പ്രകടനമായിരുന്ന അതു് നമ്മുടെ ഇടവകയിൽ ഈ മനോഭാവമുണ്ടോ? വ്യക്തിപരമായി ഈ ചുമതലയെപ്പററി നാം വിചാരിക്കാറുണ്ടോ?

''കർത്താവെ, ഞങ്ങൾക്കു സഹായിക്കുന്നവരെയും ഞങ്ങൾ സഹായിക്കുന്നവരെയും നിന്റെ സ്നേഹത്തിലും സംരക്ഷണയിലും നീ നയിച്ചുകൊള്ളണമെ.''

വ്യാഴം—5: 17-25

സഭയിലെ ശുശ്രൂഷകന്മാർ സഭാംഗങ്ങളാൽ സാമ്പത്തികമായി സഹായിക്കപ്പെടേണ്ടവരാണ്. കുററം ചെയ്യുന്ന ശുശ്രൂഷകനെ (മൂപ്പനെ) മതിയായ തെളിവുകൂടാതെ ശിക്ഷിക്കരുതെന്നും, ശരിയായ തെളിവുള്ളപ്പോൾ മററുള്ളവരുടെ നന്മയെക്കൂടെ ലാക്കാക്കി ശിക്ഷിക്കണമെന്നും ധൃതഗതിയിൽ ശുശ്രൂഷക്കാരെ തിരഞ്ഞെടുക്കരുതെന്നും അപ്പൊസ്തോലൻ പറയുന്നു. ആരോഗ്യത്തെ കരുതി അല്പം വീഞ്ഞു കുടിക്കുവാൻ തീമോത്തിയോസിനോടു പറയുന്നുണ്ടു്. (ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നതിനെയല്ല. അമിതമായി ഉപയോഗിക്കുന്നതിനേയും അതിൽനിന്നുണ്ടാകുന്ന തിന്മകളെയുമാണ് ക്രിസ്തുമതം എതിർക്കുന്നതു്.)

സഭയിലെ ശുശ്രൂഷക്കാരുടെ സംരക്ഷണത്തിൽ നാംഎന്തുപങ്കു വഹിക്കുന്നു എന്നാലോചിക്കേണ്ടതാണ്. നമ്മുടെ പാപങ്ങൾ നാം ഉൾപ്പെട്ടിരുന്ന സഭയുടെ കൂട്ടായ്മക്ക് എതിരായിട്ടുള്ളതാണെന്നും സഭയുടെ സാക്ഷിക്ക് പ്രതിബന്ധമായിതീരുന്നതാണെന്നും ഉള്ള വിചാരം നമുക്കുണ്ടോ?

''കർത്താവെ, നിന്റെ സഭയിലെ ശുശ്രൂഷയ്ക്കായി നീ വിളിച്ചിരിക്കുന്നവരെ നിന്റെകൃപയിൽ നീ സംരക്ഷിക്കണമെ. അവരോടുള്ള ചുമതലയെ ഞങ്ങൾ മറന്നുപോകാൻ ഇടയാവുകയുമരുതെ.''

* * *

വെള്ളി—6: 1-10

ദാസ്യവേല ചെയ്യുന്നവർ ക്രിസ്ത്യാനികളായാൽ അവരുടെ വേലയിൽ കൂടുതൽ ശുഷ്ക്കാന്തി കാണിക്കുന്നതാണ് ക്രിസ്തീയ വിശിഷ്ടത എന്നു് വി. പൗലോസ് പറയുന്നു. തക്കത്തിന്റെ ആത്മാവിൽ ജീവിച്ചു് ഇടർച്ചയും പിളർപ്പും ഉണ്ടാക്കുന്നവരെപ്പററി ഒന്നാംഅദ്ധ്യായത്തിൽ സൂചിപ്പിച്ചതു് അപ്പൊസ്തോലൻ ആവർത്തിക്കുന്നു. ലോകത്തോടും ധനത്തോടും ഉണ്ടായിരിക്കേണ്ട മനോഭാവത്തെയും അദ്ദേഹം ഇവിടെ വിശദീകരിക്കുന്നു. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നു് ഒന്നും കൊണ്ടുപോകുന്നതുമില്ല.

ലോകമനുഷ്യർ എല്ലാക്കാര്യങ്ങളെയും അളക്കുന്നതു് ധനത്തിന്റെ മാനദണ്ഡംകൊണ്ടാണ്. ഈ ലോകവും മനുഷ്യജാതിയുടെ ചരിത്രവും ദൈവത്തിന്റെ പ്രവൎത്തനവും എല്ലാം എനിക്കു ധനസമ്പാദനത്തിനുള്ള ഒരു പശ്ചാത്തലം മാത്രമായി ഞാൻ കരുതുന്നുണ്ടോ? മററുള്ളവരെപ്പററി ഞാൻ വിധി കല്പിക്കുന്നതും അവരെ ബഹുമാനിക്കുന്നതും ധനത്തിന്റെഅടിസ്ഥാനത്തിലാണോ എന്നും ആലോചിക്കേണ്ടതാണ്.

''കർത്താവെ, ധനത്തെപ്പററിയുള്ള എന്റെ ചിന്തകളും പ്ളാനുകളും നീ എനിക്കു തന്നിരിക്കുന്ന ചുമതലകൾക്കും കടമകൾക്കും അനുയോജ്യമായതു മാത്രമായിരിക്കാൻ എന്നെ പഠിപ്പിക്കണമെ.''

* * *

ശനി—6: 11-22

ലേഖനത്തിന്റെ അവസാനഭാഗത്തു് തീമോത്തിയുടെ മാമോദീസായെയും ദൈവവിളിയെയും അപ്പൊസ്തോലൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. നിഷ്ക്കളങ്കനും നിരപവാദ്യനുമായി അവസാനം വരെയും വിശ്വാസം കാത്തുകൊള്ളുന്നതിനും ക്രിസ്തീയ സുകൃതങ്ങളിൽ വേരൂന്നി വളരുന്നതിനും അപ്പൊസ്തോലൻ ആജ്ഞാപിക്കുന്നു. ധനവാന്മാരോടുള്ള ഉപദേശം ഒന്നുകൂടെ ആവൎത്തിച്ചുകൊണ്ടാണ് ലേഖനം സമാപിക്കുന്നതു്. (എഫെസൂസ് സമൃദ്ധിയുടെ സങ്കേതമായിരുന്നു. പല ധനവാന്മാരും അവിടെ ക്രിസ്ത്യാനികളായിക്കാണും.)

എന്റെ മാമോദീസായിൽ എനിക്കു വേണ്ടി ചെയ്യപ്പെട്ട പ്രതിജ്ഞകൾ എന്തെല്ലാമായിരുന്നു? അവ എന്റേതായി ഞാൻ ഇപ്പോൾ

(ശേഷം 12—ാം പേജിൽ)


**നമുക്കുവേണ്ടി എഴുതപ്പെട്ട രണ്ടു പുസ്തകങ്ങൾ**

**(1) സുന്നഹദോസുകൾ**

ഗ്രന്ഥകർത്താ:
ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ.
വില രൂപാ ഒന്ന്.

**(2) മൂന്നുവിശ്വാസ സത്യങ്ങൾ**

ഗ്രന്ഥകർത്താ:
റവ. ഫാദർ എം. വി. ജോർജ്ജ് എം. ഏ. എസ്. ടി. എം.
വില അണ എട്ടു്.

ആവശ്യപ്പെടുക— കെ. വി. മാമ്മൻ
ചർച്ചുവീക്കിലി ആഫീസ്,
കോട്ടയം.

# പ്രശ്നപംക്തി

(പോൾ വറുഗീസ്)

ചോ, ഉല്പത്തി, 7: 14—16 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന വിധമുള്ള ഒരു പെട്ടകത്തിൽ അന്നു ഭൂമിയിലുണ്ടായിരുന്ന സകല ജീവജാലങ്ങളെയും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എണ്ണപ്രകാരം വഹിയ്ക്കുവാൻ സാധിച്ചു എന്നു് സാമാന്യബുദ്ധിയുള്ള മനുഷ്യനു് എങ്ങിനെ വിശ്വസിയ്ക്കുവാൻ സാധിക്കും? അറാറാത്തു് മല എവിടെയാണെന്നു് കണ്ടുപിടിയ്ക്കപ്പെട്ടിട്ടുണ്ടോ?

എ. തോമസ്, പത്തനംതിട്ട.

ഉത്തരം. ജലപ്രളയകഥയുടെ വിശദവിവരങ്ങളെ സ്വീകരിക്കുവാൻ പല പ്രയാസങ്ങളുമുണ്ടു്. ഉല്പത്തി 6: 14—16 ൽ കാണുന്ന പെട്ടകം 300x50x30 മുഴമാണു്. 900 വയസ്സുവരെ ആയുസ്സുള്ള മനുഷ്യരാണന്നുണ്ടായിരുന്നതെങ്കിൽ അവരുടെ കൈകൊണ്ടളക്കുന്ന മുഴം ഒരുപക്ഷേ 18 ഇഞ്ചിൽ കൂടുതലായിരുന്നിരിക്കാം. രണ്ടടി വെച്ചു കണക്കാക്കിയാൽ 600x100x60 = 3600000 ക്യൂബിക്കു് അടി സ്ഥലം അതിനകത്തുണ്ടായിരുന്നു.. ഈ കപ്പലിനു് മൂന്നു നിലയുണ്ടായിരുന്നു (6;16) ഒരു നല്ല കാഴ്ചബംഗ്ളാവിലുള്ള മൃഗങ്ങളെയെല്ലാം 36ലക്ഷം ക്യൂബിക്കു്അടി സ്ഥലത്തു കയററി കൂടെ?

അറാറാത്തു്, അസ്സീറിയായുടെ വടക്കുഭാഗത്തുള്ള "ഉറാർത്തു" പ്രദേശമായിരിക്കണം. ഇന്നു് തുർക്കിയുടേയും അർമ്മേനിയയുടേയും ഇറാൻേറയും അതിർത്തിയിലുള്ള രണ്ടു പർവ്വതങ്ങളിൽ ഉയരം കൂടിയ (16,916 അടി) അഗ്രിഡാഗ് മലയായിരിയ്ക്കാം ഈ പെട്ടകം വന്നുറച്ച സ്ഥലം.

ചോ. ബാബേൽ കോട്ട പണിത കഥ, സൂര്യനേയും ചന്ദ്രനേയും ആകാശത്തിൽ വിലക്കിയ കഥ, കുഴലൂതി യരീഹോ പട്ടണമതിൽ ഇടിച്ച കഥ ഇത്യാദി കഥകൾ ഉൾക്കൊള്ളുന്ന പഴയനിയമം ഹിന്ദുപുരാണ ഗ്രന്ഥങ്ങളെപ്പോലെ കെട്ടുകഥകൾ നിറഞ്ഞ ഒരു ഗ്രന്ഥമായി വിചാരിയ്ക്കാതിരിക്കാൻ കാരണമുണ്ടോ?

എ. തോമസ് പത്തനംതിട്ട.

ഉത്തരം. ഈ കഥകളെല്ലാം തന്നെ പരമ്പരാഗതമായി ഇസ്രായേലിൽ പറഞ്ഞുവന്നവയും പിൽക്കാലത്തു് എഴുതിച്ചേർത്തവയാണെന്നാണു് വിചാരിയ്ക്കേണ്ടതു്.

ബാബേൽ കഥയുടെ പിറകിൽ, ക്രിസ്തുവിനു് 2000 കൊല്ലംമുൻപു് തന്നെ നിലവിലുണ്ടായിരുന്ന 'ഏതമൻ ആനാക്കി' (ആകാശത്തിൻേറയും ഭൂമിയുടേയും അസ്ഥിവാരഭവനം എന്നർത്ഥം) ദേവാലയമായിരിയ്ക്കാം കിടക്കുന്നതു്. അടിത്തറയിൽ നിന്നും 300 അടി ഉയരവും എട്ടുനിലയുമുള്ള ഈ ബാബിലോണ്യക്ഷേത്രത്തിൻെറ പണി മുഴുവനായിട്ടുണ്ടായിരുന്നില്ല. ഇങ്ങനെ മറേറാരോ കഥകളുടേയും പിറകിൽ കുറെ ചരിത്രലക്ഷ്യങ്ങളൊക്കെ കിടപ്പുണ്ടു്.

പക്ഷേ ഈ കഥകളുടെ വിശ്വാസ്യതയെ ആസ്പദമാക്കിയല്ല, പഴയനിയമത്തിൻെറ വില കണക്കാക്കേണ്ടതു്. ദൈവവും തങ്ങളുടെ സമുദായവുമായുള്ള ഇടപാടുകളെ യഹൂദന്മാരെങ്ങനെ മനസ്സിലാക്കി, നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനുഷ്യാവതാരത്തിനും പരസ്യശുശ്രൂഷയ്ക്കും പശ്ചാത്തലമെന്തു് ഇവരണ്ടുമാണു് പഴയനിയമത്തിൽനാം കാണേണ്ടുന്നതു്.

ചോ. ഉല്പത്തി 6: 1, 2 ദൈവത്തിൻെറ പുത്രന്മാരെന്നു് ഇവിടെ പറഞ്ഞിരിക്കുന്നതു് ആരെക്കുറിച്ചാണു്. ഹിന്ദുപുരാണങ്ങളിലുള്ള God നെപ്പോലുള്ള ദേവന്മാരാണോ? അബ്രഹാമിനെ സന്ദർശിച്ച മൂന്നു പുരുഷന്മാർ ദൈവദൂതന്മാരോ (മാലാഖമാർ) ദൈവമോ?

എ. തോമസ്, പത്തനംതിട്ട

ഉത്തരം. ആദ്യത്തെ ചോദ്യത്തിനു സാധാരണ മൂന്നു വിധത്തിലുള്ള സമാധാനങ്ങളാണു് പണ്ഡിതന്മാർ നൽകുന്നതു്.

1. പ്രഭുകുടുംബങ്ങളിലുള്ളവരാണു് ദൈവപുത്രന്മാർ, സാമുദായികനിലയിൽ താഴ്ന്നവരാണു് മനുഷ്യപുത്രികൾ. ശമര്യക്കാരുടെ തർജ്ജമയിലും സിമ്മാക്കസിൻെറ ഗ്രീക്കുതർജ്ജമയിലും പല യഹൂദതർജ്ജമകളിലും ഇങ്ങിനെയാണീവാക്യത്തെ വിവർത്തനം ചെയ്യുന്നതു്. ഇന്നു് ഈ നില സ്വീകരിയ്ക്കുന്ന പണ്ഡിതന്മാർ കുറവാണു്.

2. മാലാഖമാരാണു് ദൈവപുത്രന്മാർ. ഫൈലോ, ജോസീഫസ്, ജസ്റ്റിൻമാർട്ടിയർ, അലക്സന്ത്രിയായിലെ ക്ലീമിസ്, തെർത്തുല്യൻ മുതലായവർ ഈ അഭിപ്രായക്കാരാണു്. (യൂദാ; 6,2 പത്രോ. 2;4, ഈയോബ് 1:6 മുതലായവ നോക്കുക)

3. ഭക്തന്മരായ ആളുകൾ. അതായതു് നോഹയുടെ പുത്രന്മാരിൽ സേത്തിൻെറ മക്കൾ മാത്രമാണു് യഥാർത്ഥ ദൈവമക്കൾ. ഹാമിൻേറയും യാഫേത്തിൻെറയും മക്കളാണു് മനുഷ്യപുത്രിമാർ. (സ്വർണ്ണനാവുകാരനായ ഈവാനിയോസ്, അലക്സന്ത്രിയയിലെ കൂറിലോസ്, ആഗസ്തീനോസ്, ജെറോം)

ഇതെല്ലാം കൂടാതെ, ജലപ്രളയത്തെ സംബന്ധിച്ചുള്ള ബാബിലോൺ പാരമ്പര്യത്തെ ഉല്പത്തിപുസ്തകകർത്താവു് സ്വായത്തമാക്കിയപ്പോൾ അതിൻെറ കൂടെ വന്നു കയറിയ ഒരു ബാബിലോണിയൻ ഐതിഹ്യമാണിതെന്നു് വിശ്വസിക്കുന്നവരുമുണ്ടു്.

രണ്ടാമത്തെ ചോദ്യത്തിനുത്തരം അബ്രഹാമിനു് മൂന്നു സന്ദേശവാഹകരായി കാണപ്പെട്ടതു് ദൈവത്തിൻെറ ഒരു പ്രത്യക്ഷീകരണം (Theophany) ആണെന്നാണു്.

---

## സഭാ കലണ്ടർ

1956 സെപ്റ്റ—ഒക്ടോബർ.

30. ഞായർ-സ്ളീബായുടെ ശേഷം3 വി. ജറോം (A, D, 420)
1. തിങ്കൾ മോർ ആദായി, മോർ അബഹായി, മോർ മൽക്കെ.
2. ചൊവ്വ.
3. ബുധൻ. കോതമംഗലം മോർ ബാസേലിയോസ്.
4, വ്യാഴം. അസ്സീസ്സിയിലെ ഫ്റാൻസ്സീസു് (A. D. 1226)
5, വെള്ളി.
6. ശനി

# വിവിധവാർത്തകൾ

ഇൻഡ്യയിലെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിക്രൈസ്തവസഭയും മിഷനറിമാരും ചെയ്തിട്ടുള്ള സേവനങ്ങളെ സെപ്റ്റ. 25—ാംനു കോഴിക്കോട്ടെ ദേവഗിരി സെൻറ് ജോസഫ് കോളജ് ഉൽഘാടാനം ചെയ്ത മദ്രാസ് ഗവർണ്ണർ ശ്രീ പ്രകാശ പ്രശംസിച്ചിരിക്കുന്നു.

**ബാവാ തിരുമേനിക്കു സമ്മാനം**

സെപ്റ്റംബർ 24—ാംനു റൂമേനിയായിൽനിന്നും ഇവിടെ തിരിച്ചെത്തിയ റവ. ഫാദർ കെ. പീലിപ്പോസ്, റുമേനിയൻ ഓർത്തഡോക്സ് പാത്രിയക്കീസ് ബാവാ കാതോലിക്കാ ബാവാ തിരുമേനിക്കു സമ്മാനമായി കൊടുത്തയച്ച രത്നഖചിതമായ സ്വർണ്ണമുദ്രയും മാലയും, ഒരു സൗഹൃദസന്ദേശവും ബാവാതിരുമേനിയെ ഏല്പിക്കുകയുണ്ടായി.

**സന്ദർശിച്ചു**

കേന്ദ്രപ്ലാനിംഗ് ഡെപ്യൂട്ടി മന്ത്രി മി. മിശ്രാ സെപ്റ്റംബർ 24-ാം തീയതി തിങ്കളാഴ്ച 10 മണിക്ക് പഴയ സിമ്മനാരിയിൽ എത്തി. പ: കാതോലിക്കാബാവാ തിരുമേനിയേയും മാർ ദീവാന്നാസ്യോസ് തിരുമേനിയേയും സന്ദർശിച്ചു അരമണിക്കൂർ നേരം സംഭാഷണം നടത്തി. മന്ത്രി പഴയ സിമ്മനാരിയിലെ കൌതുകസാധനങ്ങളും ചരിത്രപ്രസിദ്ധമായ കമ്മട്ടിമാളികയും മററും കണ്ടു സന്തോഷിച്ചു.

**യുവജനപ്രസ്ഥാനം**

മലങ്കരഓർത്തഡോക്സ് സഭയിലെ യുവജനപ്രസ്ഥാനത്തിൻെറ സജീവമായ നടത്തിപ്പിനെപ്പററി പര്യാലോചിക്കുന്നതിന് യുവജനസമാജം സെക്രട്ടറിമാരുടെ ഒരു സമ്മേളനം ഒക്ടോബർ 2-ാംനു തിരുവല്ലാ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൽവച്ചു മാർ കൂറിലോസ് എപ്പിസ്കോപ്പാതിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്.

**എത്യോപ്യൻ ചക്രവർത്തിയുടെ സന്ദർശനം**

എത്യോപ്യൻ ചക്രവത്തിയും, എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നേതാവുമായ ഹെയ്ലിസെലാസ്സി ചക്രവത്തി ഒക്കടോബർ അവസാനവാരം കോട്ടയത്തു എത്തി പ.കാതോലിക്കാ ബാവാ തിരുമേനിയെ സന്ദർശിക്കുന്നതും പിറേറ ദിവസം ചേപ്പാട്ട് മാർ ദീവന്നാസ്യോസിൻെറ ചരമശതവത്സരാഘോഷം ചേപ്പാട്ട പള്ളിയിൽവച്ച് ഉൽഘാടനം ചെയ്യുന്നതുമാണ്. ചേപ്പാട്ട പള്ളിയുടെ ജീർണ്ണോദ്ധാരണാർത്ഥം ചക്രവത്തി നാലുവർഷം മുമ്പ് 5000 രൂപാ അയച്ചുകൊടുത്തിട്ടുള്ളതാണ്. ഇൻഡ്യയും മലങ്കരസഭയും ചക്രവത്തിയുടെ ആഗമനം വലിയ ഒരു ബഹുമതിയാണെന്നുള്ളതിനു രണ്ടുപക്ഷമില്ല.

**മലബാർ ഭദ്രാസന പര്യടനം**

മലബാർ ഭദ്രാസനത്തിലെ പള്ളികൾ സന്ദർശിക്കുന്നതിനും സ്ലീബാദാസ സമൂഹത്തിൻെറ "സന്തോഷവും കിരീടവു"മായ മക്കളെ സന്ദർശിക്കുന്നതിനുമായി മാർ ഒസ്താത്തിയോസ് തിരുമേനി മൂന്നു മാസത്തെ ഒരു പരിപാടി തയ്യാറാക്കിയിരിക്കുന്നു. 1956 നവംബർ 18-ാംനു കോഴിക്കോട്ട വി: കർബാന അർപ്പിച്ചശേഷമായിരിക്കും സഞ്ചാരം തുടങ്ങുന്നതു്. എല്ലാ ഇടവകകൾക്കും ആമോദജനകമായ ഒരു പര്യടനമായിരിക്കും ഇതു്. ഇടവക സന്ദർശനത്തിൽ വളരെ നിർബന്ധമുള്ള തിരുമേനിക്ക് അതിൻെറ അനന്തരഫലങ്ങളെപ്പററി തികച്ചും ബോധ്യവുമുണ്ട്.

**പട്ടാഭിഷേകം**

സ്ലീബാദാസൻ മണലേൽ മഠം തോമസ് ശെമ്മാശനു കോടനാട്ടുവച്ചു ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ് തിരുമേനി കശീശാപ്പട്ടം നൽകിയിരിക്കുന്നു. മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിയും സന്നിഹിതനായിരുന്നു. ഫാദർ തോമസ് സ്ലീബാദാസ സമൂഹത്തിൻെറ ആക്ടിങ്ങ് സെക്രട്ടറി ആയിരിക്കുന്നതാണ്. കശ്ശീശാപ്പട്ടമേററ ഈ ശെമ്മാശൻ കഴിഞ്ഞ ഏതാനും വഷങ്ങളായി കോന്നി ആട്ടച്ചാക്കൽ ദയറായിൽ താമസിച്ചു പ്രവത്തിക്കുകയായിരുന്നു. സ്ഥിരോൽസാഹിയായ അദ്ദേഹം കോളജിൽ ചേരാതെ ഇപ്പോൾ ബി, എ. പരീക്ഷക്കു പഠിക്കുകയും ചെയ്യുന്നുണ്ട്.

**ട്രാവൻകൂർ ഫോർവ്വേഡ് ബാങ്ക് (ക്ലിപ്തം)**

**ഹെഡ് ആഫീസ്: കോട്ടയം**

| | |
|---|---|
| അധികൃതമൂലധനം | രൂ 50 00,000 |
| വാഗ്ദത്തമൂലധനം | രൂ 25,00 000 |
| നിക്ഷിപ്തമൂലധനം | രൂ 15,00,000 |
| കരുതൽധനം | രൂ 6,97,000 |
| പ്രവർത്തനമൂലധനം | രൂ 4,52,61,000 |

[31-12-55]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ അവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക.

ബാങ്കിംഗ്സംബന്ധമായ എല്ലാ പ്രവത്തനങ്ങളും നടത്തിവരുന്നു

**Look forward and bank**
**With Forward Bank.**

**സി. എം. ചെറിയാൻ**
**സെക്രട്ടറി**

# WHAT THE BIBLE TEACHES • ABOUT WORK

Canon Alan Richardson, D. D.

ii

Thus, from the New Testament standpoint a man's secular occupation is a matter of secondary importance; likewise from the church's point of view it should be a matter of merely secondary importance whether a man is a doctor or a brick-layer or in New testament terms, it matters little whether a Church member is a ruler, a tent-maker, a silversmith or a seller of of purple, provided that his occupation is not inconsistent with his Christian profession. A silver smith after his conversion, could no longer enrich himself by making images of Diana of the Ephesians, but most of the occupations in which Christians engaged would not thus conflict with the profession of the name of Christ. As a matter of fact, we may infer from the New Testament Epistles that a high proportion of the rank-and-file members of the apostolic church were *douloi*. This word is usually translated "Servants," "bond-servants" or "Slaves," in the English versions. But the fact is that there is no exact modern equivalent of it because the social system of the first century A. D. has long ago disappeared. The translation "slave" suggests to modern ears something much too harsh and cruel, and in any case the *douloi*, or house hold slaves of the Epistles were not the criminal slaves of the mines and galleys. They were preeminently the labouring classes. But they were not necessarily depressed, nor were they depersonalised as modern industrial workers often are. A slave might rise to a position of high responsibility in his master's household, and he was often treated with respect and affection as a member of the family (cf. *oiketai* in I Pet. 2:18 members of the oikos or home)

Several of the Epistles cointain exhortations addressed to Christian *douloi* concerning their duties as workers (Col. 3: 22; 4. 1; Eph 6: 5-9; I Tim. 6: 1, 2; Tit. 2. 9, 10; and I Pet. 2: 18-25) The general instruction given is that Christian slaves must obey those who are their masters (kurioi); not with eye-service as men-pleasers, but as *douloi* of Christ, working as their Master (*kurios*) in heaven. They are to commend Christian doctrine by the blameiessness of their lives. If they have Christian masters they must not try to make undue advantage of the fact. If they are treated harshly, they must suffer gladly, remembering the example of Christ's passion. Their daily work, rendered faithfully as unto Christ will thus become "an adornment of the doctrine of God our saviour" (Tit. 2: 10) Though advice is thus given to slaves, who form the majorty in the local congregations, masters (*kurioi*) are not forgotten; as occasional slave owner, such as Philomon would be found here and there in Churhes. They are enjoined to render to their (*douloi*) what is just and equal, remembering that they also have a *kurios* in heaven (Col. 4: 1.), with whom there is no respect of persons (Eph. 6: 9). Thus, the earthly master becomes the "type" of the Master in heaven and we find that the language, drawn from ancient social institutions of the master-servant (kurios-doulos) relationship is used very frequently in the New Testament to express the relationship between Christians and their Lord. Such catechesis (instruction) would be unacceptable to mass of the workers in our modern industrial society. It is not possible to transfer the ethical advice relevant to a situation long past and apply it in the changed conditions of today. We must not look in the Bible for a code of social ethics that will apply to our situation in the twentieth century. The New Testament catechesis for *douloi* would sound like the "opinon" which the "bosses" dole out to the workers to keep them contented with their lot. It speaks of duties and not of "rights". We must find new forms in which to express the Christian attitude towards daily work in terms of our present social conditions. Yet, having said this, we must assert also that the early Christian worker's catechesm, as we find it preserved in the New Testament Epistles, embodies permanent truth concerning the Christian attitude towards work. It remains true that the the Christian, like other men, must work because work is divine ordinance for human life; he too must work in order to earn his daily bread, to sustain his family and to secure the material basis of the good life. But he now works from a higher motive and under a different


## ബാങ്ക് ഓഫ് ഡെക്കാൻ ലിമിററഡ്

കോട്ടയം.

(1919-ൽ സ്ഥാപിക്കപ്പെട്ടത്.)

**ബ്രാഞ്ചുകൾ.** ആലപ്പുഴ, അമ്പലപ്പുഴ, അരൂർ, ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, എടത്വാ, എറണാകുളം, ഹരിപ്പാട്, കോട്ടയം, കുമരകം, കോന്നി, മാന്നാർ, പുതുപ്പള്ളി, പുറമററം, പാമ്പാക്കട, തിരുവല്ലാ, തലയോലപ്പറമ്പ്, തിരുവനന്തപുരം.

**ഏജൻസികൾ.** ആലുവാ, അതിരമ്പുഴ, ബോംബെ, ബാംഗ്ളൂർ, കൊച്ചി, കോഴിക്കോട്, കൽക്കട്ടാ, കോയമ്പത്തൂർ, കണ്ണൂർ, ഈറോഡ്, ഫെയർഫീൽഡ്, ഹൈദ്രബാദ്, കോതമംഗലം, കുത്തിയതോട്. കോഴഞ്ചേരി, കായംകുളം, കാഞ്ഞിരപ്പള്ളി, മൂന്നാർ, മുണ്ടക്കയം, മൂവാററുപുഴ, മംഗലാപുരം, മധുര, മൈസൂർ, മാവേലിക്കര, മദ്രാസ്. നാഗർകോവിൽ, നാഗപ്പൂർ, ന്യൂഡൽഹി, പാലാ, പത്തനംതിട്ട, പാലക്കാട് പീരുമേട്, സെക്കൻദ്രബാദ്, ചേർത്തല, കൊല്ലം, റാന്നി, സേലം, തിരുനൽവേലി, തൃശ്ശിനാപ്പള്ളി, തൊടുപുഴ, തൂത്തുക്കുടി, തൃശ്ശൂർ. വൈക്കം, വെല്ലൂർ, വണ്ടിപ്പെരിയാർ.

ഒ. എം. മാത്യു (സെക്രട്ടറി)

M - Reg: No. 5286. Licence No. 98.

# ചർച്ചവീക്കിലി

pressure from those pressures of hunger, fear and greed which are the incentives of other men. He works because he must but a new attitude towards his work is implanted in him. He works not as unto man, but as unto his Master in heaven, and thus he finds in work well done the satisfaction which cannot be derived from earthly rewards or diminished by earthly hardships. Here lies the redemption of work; significance of our work on earth lies in its earthly rewards but in its character of service rendered to our Lord in heaven, who will prounounce upon it the final verdict: "well done, thou good and faithful doulos; . . . enter thou into the joy of thy thy *kurios*" (Mat. 25: 21-23). It is the final, the heavenly (eschatological) goal which invests our earthly labour which the non-Christian can never know; and thus the biblical doctrine of work is relvant only to Christians. It can not be handed out to the masses and the classes as a resolution of all our problems of industry and labour. It is the Christian hope which alone renders possible the Christian attitude towards work. There is in the Bible a close connection between work and worship. The Decatogue sets the ordinance "six day shalt thou labour" within the framework of the commandment to keep holy the seventh day. It is implied that though wotk may occupy six-sevenths of a man's life it is nevertheless not the whole of it or the highest part of it what happens on the seventh day, the worship of God in His holy place, is man's highest activity here below, the anticipation of that heavenly rest which remains unto the people of God (cf. Heb 3:7-4: 11) In the New Testamsnt, as we have seen, we find the conception of work well done as as a service that is rendered to our Master in heaven, who thus becomes the Lord of all our work, our ultimate kurios, or "employer". There is thus a sense in which it may be said that *laborare est orare* (oradorars), that work and worship are like forms of offering which Christian folk present to God. Man offers to God his whole life in every part, including his worship and his work. Not, of course, that man can in virtue of his own merits or skill offer anything that is worthy of the all holy God. From the stand point of God's absolute demand men must always confess that they are "unprofitable douloi!" (Lk 17: 7-10). But now in Christ God has opened for men a way to himself, and men who are in Christ, though sinners, can nevertheless bring their offerings to God, including all the labours of their hands. No longer are they called *douloi*; they are called "friends" (Jn 15: 14-15). This prefound mystery, the deepest truth about the New Testament doctrine of work, is given sacramental expression in the Church's central act of worship, the "breaking of bread" or Eucharist. In this service are brought and offered the fruiits of the labours of men's hands, the bread and wine, symbols of all our work. Here in the Church's offering God gives back to us the gifts that we have brought to Him, but now they are made sacraments of His grace, the very life of God Himself, the sacred body and blood of Christ. Here in the Eucharist is enshrined the whole mystery of man's labour as well as the whole drama of man's redemption. Here is the perfect symbol of the wholeness of the Christian life, the unity of work and worship, the strange unbreakable link that exists between the bread that is won in the sweat of man's face and the bread of life that is brought without money and without price.


THE BANK OF NEW INDIA Ltd.

ASSURES

EFFICIENCY AND SAFETY

OFFERS

BANKING FACILITIES OF ALL KINDS

Chairman: K. GEORGE, B. A.

Other Directors:

Sri. E. J. Philipose B. A. B. L.
" P. T. Varughese,
" C. K. Therakath
" P. K. Chacko
" P. C. Kurian, M. A. B. L.,

General Manager: Sri. K. E. CHERIAN

H. O.
TRIVANDRUM-1.

BRANCHES:
17 in T. C. STATE


(8—ാം പേജിൽ നിന്നു തുടർച്ച) കരുതുന്നുണ്ടോ? എനിക്കു ലഭിച്ചിരിക്കുന്ന ധനം മററു പലൎക്കും ഉള്ളതിനേക്കാൾ കുറവാണെന്നുള്ള വിചാരമാണോ, പലൎക്കും ഉള്ളതിനെക്കാൾ അധികമാണെന്നുള്ള ചിന്തയാണോ എന്റെ മനസ്സിൽ അധികമായുള്ളതു്"?

"കർത്താവെ, എന്റെ മാമോദീസായിൽ എടുത്തിട്ടുള്ള പ്രതിജ്ഞ ദിവസവും നിറവേററുന്നതിനുള്ള ആത്മീയ ഉണർവ്വു് എനിക്കു നീ തരണമെ."

## ചർച്ചവീക്കിലി വരിസംഖ്യ

എപ്പോഴും മുൻകൂർ.

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരു വർഷത്തേക്കു് | 6 | 0 | 0 |
| 6 മാസത്തേക്കു് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കുവെളിയിൽ | 8 | 0 | [illegible] |

Printed and Published by N. M. Abraham B. A., at the Malayala Manorama Press, Kottayam.